2025 AUGUST 31

# The Weekly

WEEKLY NEWSPAPER

emalayalee.com | Phon... 917 324... 1122





# നന്മകളാൽ സമൃദ്ധമായ ഓണം; ആശംസകൾ




## എൻ.കെ. ലൂക്കോസ് വോളീബോൾ ടൂർണമെന്റിൽ ചിക്കാഗോ കൈരളി ലയൺസ് ജേതാക്കൾ



SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS I-CAR
PLATINUM I-CAR
5.0 average rating
OEM CERTIFICATIONS
HONDA CERTIFIED
HYUNDAI
RAM
INFINITI
ACURA CERTIFIED
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# എൻ.കെ. ലൂക്കോസ് വോളി ടൂർണമെന്റ്: ചിക്കാഗോ ലയൺസ് ജേതാക്കൾ; ഫില്ലി സ്റ്റാഴ്സ് റണ്ണർ അപ്പ്




ന്യൂയോർക്ക് : ഫോമാ മെട്രോ റീജിയൻ ആതിഥേയത്വം വഹിച്ച പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിൽ ചിക്കാഗോ കൈരളി ലയൺസ് വിജയകിരീടമണിഞ്ഞു. ഫില്ലി സ്റ്റാഴ്സ് റണ്ണർ അപ്പായി. വാഷിംഗ്ടൺ കിങ്സ് സെക്കൻഡ് റണ്ണർ അപ്പ് ആയപ്പോൾ കാലിഫോർണിയ ബ്ളാസ്റ്റേഴ്സ് നാലാം സ്ഥാനം കരസ്ഥമാക്കി.

ചിക്കാഗോ ലയൺസിന്റെ സനൽ തോമസ് ആണ് എം.വി.പി.; ജോഫി ജോസഫ് ബെസ്ററ് സെറ്റർ (ഫില്ലി സ്റ്റേഴ്സ്); ബെസ്ററ് ഡിഫെൻസ്: സനൽ കദളിമറ്റം (ചിക്കാഗോ ലയൺസ്); ബെസ്ററ് ഒഫെൻസ്: സരൂപ് ജോസി (ഫില്ലി സ്റ്റേഴ്സ്); റൂക്കി ഓഫ് ദി ഇയർ: മാത്യു ജോർജ്

40 പ്ലസ്: ബെസ്ററ് സെറ്റർ: സജി (ഫില്ലി); ബെസ്ററ് ഒഫൻസ്: വിനോദ് (കാനഡ); എം.വി.പി: ബൈജു (ഫില്ലി);

ബെത്പേജ് മൾട്ടി സ്പോർട് ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ ആരംഭിച്ച മത്സരങ്ങൾ കാണാൻ വൻ ജനപ്രവാഹമായിരുന്നു. ആബാലവൃദ്ധം നെഞ്ചിലേറ്റിയ കായിക മാമാങ്കത്തിന് സാക്ഷികളാവാൻ വോളിബോൾ മുൻ ഇൻഡ്യൻ ദേശീയ താരം മാണി സി. കാപ്പൻ എം.എൽ.എ, മോൻസ് ജോസഫ് എം.എൽ.എ, എന്നിവരും എത്തി .

അമേരിക്കയിൽ നിന്നും കാനഡയിൽനിന്നുമായി 24 ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു. ആറു കോർട്ടുകളിൽ നോൺ സ്റ്റോപ്പ് ആയി കളികൾ നടന്നു. ഓപ്പൺ പൂളിൽ പന്ത്രണ്ടു ടീമുകളും, 18 വയസിൽ താഴെ ഉള്ളവരുടെ ആറു ടീമുകളും, അതുപോലെ നാൽപ്പതിനു മുകളിൽ ഉള്ളവരുടെ ആറു




ടീമുകളും ആണ് മാറ്റുരച്ചത്.

ഫോമാ മെട്രോ റീജിയൺ ആർ.വി. പി. മാത്യു ജോഷ്വ, ടൂർണമെൻറ് കോർഡിനേറ്റർ ബിഞ്ചു ജോൺ എന്നിവർ ടൂർണമെന്റിന് നേതൃത്വം നൽകി.ന

ഫോമാ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിൽ വച്ച് മത്സര വിജയികൾക്ക് ട്രോഫിയും സമ്മാനങ്ങളും വിതരണം ചെയ്തു. എൽമോണ്ടിലുള്ള സെയിന്റ് വിൻസെന്റ് ഡി പോൾ ഓഡിറ്റോറിയത്തിലായിരുന്നു കിക്ക്ഓഫ്.

ട്രോഫികൾ കൂടാതെ എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ നൽകുന്ന 5000 ഡോളറിൻറെ ക്യാഷ് അവാർഡും വിജയികളാകുന്ന ടീമുകൾക്ക് സമ്മാനിച്ചു. ഒന്നാം സ്ഥാനക്കാർക്ക് 2500, രണ്ടാം സ്ഥാനക്കാർക്ക് 1500 ഡോളർ വീതം ലഭിച്ചു.

യുവാക്കളെ ഫോമയിലേക്കും, അതുപോലെ അവരുടെ സർഗാല്മകമായ കഴിവുകളെ സമൂഹ നന്മയ്ക്കായി നയിക്കുന്നതിനും വേണ്ടിയാണ് ഫോമ ഈ വോളിബോൾ ടൂർണ്ണമെന്റിനു ആതിഥേയത്വം വഹിക്കുന്നതെന്നും ആർ.വി. പി. മാത്യു ജോഷ്വ നേരത്തെ പറയുകയുണ്ടായി.

എം.എൽ.എമാരായ മാണി. സി കാപ്പൻ, മോൻസ് ജോസഫ് ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ്പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ് തുടങ്ങിയവർ സമ്മാനങ്ങൾ വിതരണം ചെയ്തു. (പ്രസംഗങ്ങൾ അന്യത്ര കാണുക)

ടൂർണമെന്റും തുടർന്ന് നടന്ന കിക്ക് ഓഫും മെട്രോ റീജിയന്റെ അഭിമാന നേട്ടമായി വിലയിരുത്തപ്പെടുന്നു.

ഇമ്മാനുവൽ കൊലടി ആയിരുന്നു പ്ലാറ്റിനം സ്പോൺസർ. രാജേഷ് പുഷ്പരാജൻ, സുനിൽ ചാക്കോ, സ്പൈസ് ഗാർഡൻ, എബ്രഹാം ഫിലിപ്പ് സി.പി.എ. എന്നിവരായിരുന്നു ഗോൾഡ് സ്പോൺസർ. ഡോ. ഷെറിൻ എബ്രഹാം ആയിരുന്നു എംസി.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വോളിബോൾ ടീം അംഗമായിരുന്ന, തൊടുപുഴ കരിങ്കുന്നം സ്വദേശി നടുമ്പറമ്പിൽ എൻ.കെ. ലൂക്കോസ് 1980 ൽ ആണ് അമേരിക്കയിൽ എത്തുന്നത്. അമേരിക്കയിൽ എത്തിയിട്ടും ചെറുപ്പം മുതലുള്ള വോളിബോൾ പ്രേമം കൈവിട്ടുപോയില്ല. അദ്ദേഹവും സുഹൃത്തുക്കളും ചേർന്ന് 1987 ൽ 'കേരള സ്പൈക്കേഴ്സ്' എന്ന പേരിൽ ഒരു വോളിബോൾ ടീം ന്യൂയോക്കിൽ





രൂപീകരിച്ചു. സ്പോർട്സ് കൂടാതെ വിവിധ സാമൂഹിക - സാംസ്കാരിക രംഗങ്ങളിലും എൻ.കെ. ലൂക്കോസ് സജീവമായിരുന്നു. എന്നാൽ 2003 ൽ ന്യൂജേഴ്സിയിലുണ്ടായ ഒരു വാഹന അപകടത്തിൽ അദ്ദേഹം അകാലത്തിൽ വിടപറഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടി കുടുംബവും, സുഹൃത്തുക്കളും ചേർന്ന് രൂപീകരിച്ച എൻ.കെ. ലൂക്കോസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ, വോളിബോൾ കളിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ 18 വർഷമായി അമേരിക്കയിലും, കേരളത്തിലും വോളിബോൾ ടൂർണ്ണമെന്റുകൾ നടത്തിവരുന്നു. ലൂക്കോസിൻറെ മകൾ സെറിൻ ലൂക്കോസ് ആണ് ഫൗണ്ടേഷൻ ട്രസ്റ്റി.












CUSTOMISE
CUSTOMISE




















12
PHILLY STARS



# കെ എച്ച് എൻ എ യുടെ രജത ജൂബിലി കൺവെൻഷൻ 'വിരാട് 25' ൽ പ്രജ്ഞാ പ്രവാഹ് ദേശീയ സംയോജകൻ ശ്രീ ജെ നന്ദകുമാർ മുഖ്യാതിഥിയായി



**അനഘ ഹരീഷ്**

ന്യൂജേഴ്സി : ഞടട ന്റെ മുഴുവൻ സമയ പ്രചാരകനും, പ്രജ്ഞാ പ്രവാഹ് ദേശീയ സംയോജകനും , ഗ്രന്ഥകാരനും, പ്രാസംഗികനുമായ ശ്രീ ജെ നന്ദകുമാർ ആഗസ്റ്റ് 7 മുതൽ 20 വരെ അമേരിക്കയിൽ സന്ദർശനം നടത്തി. കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ രജത ജൂബിലി കൺവെൻഷൻ "വിരാട് 25" എന്ന് നാമകരണം ചെയ്തിട്ടുള്ള അമേരിക്കയിലെ ഏറ്റവും വലിയ ഹിന്ദു സമ്മേളനത്തിൽ പങ്കെടുക്കാനാണ് അദ്ദേഹം അമേരിക്കയിൽ എത്തിയത്. സമ്മേളനത്തിനു മുൻപായി ശ്രീ ജെ നന്ദകുമാർ പല പൊതു പരിപാടികളിലും പങ്കെടുക്കുകയും , ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുകയും നിരവധി വ്യക്തി സമ്പർക്കം നടത്തുകയും ചെയ്തത് ശ്രദ്ധേയമായി . ധർമ്മ സിവിലൈസഷൻ ഫൌണ്ടേഷൻ സെക്രട്ടറിയും RSS ന്റെ മുഴുവൻ സമയ പ്രചാരകനും ആയ ശ്രീജിത്ത് കുറുപ്പും അദ്ദേഹ



ത്തോടൊപ്പമുണ്ടായിരുന്നു.

സിൻസിനാറ്റി സർവകലാശാലയിൽ ""ഭാരതീയ ജ്ഞാനസമ്പ്രദായം"" എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ, പ്രജ്ഞാ പ്രവാഹിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ശ്രീ നന്ദകുമാർ പ്രഭാഷണം നടത്തി. അമേരിക്കൻ പ്രസാധനസ്ഥാപനമായ Tusk and Quill ടീമും, RSS വിശ്വവിഭാഗ് സംയോജകനായ മാനനീയ സൗമിത്ര ഗോഖലെയും സെൻട്രൽ ന്യൂജേഴ്സി സംഘ് ചാലക് ശ്രീ ജഗദീഷ് തിരുമലയും അദ്ദേഹത്തെ സന്ദർശിച്ചു. കൂടാതെ, ഫാദർ ആന്റണി ഇലഞ്ഞിമറ്റം രചിച്ച "Philosophy and Action of RSS for the Hind Swaraj" എന്ന ഗ്രന്ഥം, ശ്രീ നന്ദകുമാർ, ശ്രീ സൗമിത്ര ഗോഖലെയ്ക്ക് സമ്മാനിക്കുകയും ചെയ്തു.

സ്റ്റോണി ബ്രൂക്ക് സർവകലാശാലയിലെ പ്രൊഫസർ സ്ഥാനേശ്വർ ടിമാൽ സിനഹയെയും അദ്ദേഹം സന്ദർശിച്ചു. ഹിന്ദു ഫിലോസഫി, തന്ത്രം, കാശ്മീരി ശൈവിസം എന്നിവയിൽ പ്രൊഫ സിൻഹയുടെ പാണ്ഡിത്യം ശ്രദ്ധേയമാണ്. വിർജീനിയയിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിലും, വാഷിങ്ടൺ ഡിസിയിലെ ഇന്ത്യൻ എംബസിയിൽ നടന്ന പതാകാരോഹണ ചടങ്ങിലും ശ്രീ നന്ദകുമാർ പങ്കെടുത്തു. ഒടട സിൻസിനാറ്റി, , ന്യൂജേഴ്സി, ന്യൂയോർക്ക് വിർജീനിയ എന്നിവിടങ്ങളിൽ നടന്ന ശാഖകളിലും അദ്ദേഹം സാനിദ്ധ്യം ശ്രദ്ധേയമായിരുന്നു.

വേദാന്ത സൊസൈറ്റി, BAPS Temple, Capitol Building, 9/11 Memorial, Statue of Liberty, Jewish Holocaust Museum തുടങ്ങിയ ചരിത്ര-സാംസ്കാരിക പ്രാധാന്യമുള്ള ഇടങ്ങളും അദ്ദേഹം സന്ദർശിച്ചു. കൊളംബിയ സർവകലാശാലയിൽ ഡോ. ബി.ആർ. അംബേദ്കറിന് ആദരം അർപ്പിക്കുകയും, അറ്റ്ലാന്റിക് കൗൺസിലിലെ think-tank അംഗമായ ശ്രുജൻ പാൽക്കറുമായും ആശയവിനിമയം നടത്തുകയും ചെയ്തു.

ആഗസ്റ്റ് 17-ന് ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിൽ അരങ്ങേറിയ ""വിരാട് 25"" സമ്മേളനത്തിൽ ശ്രീ ജെ. നന്ദകുമാർ മുഖ്യാതിഥിയായി പങ്കെടുക്കുകയും, സ്വാമി അമൃതസ്വരൂപാനന്ദ്,



സ്വാമി ചിതാനന്ദപുരി, കെ എച്ച് എൻ എ പ്രസിഡന്റ് ഡോ. നിഷ പിള്ളൈ, മുൻ പ്രസിഡന്റുമാർ, മുൻ DGP ഋഷിരാജ് സിംഗ്, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കൊപ്പം ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.. മുൻ കേന്ദ്രമന്ത്രി മീനാക്ഷി ലേഖി, അഡ്വ. ജയശങ്കർ, സംവിധായകൻ ഹരിഹരൻ, സംവിധായകനും തിരക്കഥാകൃത്തുമായ അഭിലാഷ് പിള്ളൈ, സംവിധായകനും ചിന്തകനുമായ ശരത് എ. ഹരിദാസൻ, കേരള ഗവർണറുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ പി. ശ്രീകുമാർ, സുനിൽ പൈങ്കോൽ (കൺവൻഷൻ ചെയർ), മധു ചെറിയേടത് (സെക്രട്ടറി), രഘുവരൻ നായർ (ട്രഷറർ) എന്നിവർ ഉൾപ്പെടെ നിരവധി പ്രമുഖരുടെ സാന്നിധ്യം വേദിയെ സമ്പന്നമാക്കി.

ഹിന്ദുത്വത്തെയും ദേശീയതയെയും ആസ്പദമാക്കി നടത്തിയ പ്രഭാഷണത്തിലൂടെ അദ്ദേഹം അമേരിക്കയിലെ സ്വാഭിമാനികളായ ഹിന്ദുക്കളെ അഭിസംബോധന ചെയ്തു. കൂടാതെ, കെ എച്ച് എൻ എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'Youth for Truth" എന്ന പരിപാടിയിൽ യുവാക്കളോടും, 'Lollipop Wonders" എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ കുട്ടികളോടും അദ്ദേഹം സംവദിച്ചു. മാധ്യമപ്രവർത്തകരുമായി സംഘടിപ്പിച്ച മീഡിയ സെമിനാറിലും പങ്കെടുത്ത അദ്ദേഹം, കെ എച്ച് എൻ എയുടെ Lifetime Achievement Award സമ്മാനദാന ചടങ്ങും നിർവഹിച്ചു.

വ്യക്തിസമ്പർക്കങ്ങൾ, ഗൃഹസമ്പർക്കങ്ങൾ, പൊതുപരിപാടികൾ എന്നിവ കൊണ്ട് തിരക്കേറിയ പ്രവാസത്തിനൊടുവിൽ ശ്രീ നന്ദകുമാർ ഭാരതത്തിലേക്ക് മടങ്ങിയപ്പോൾ,സമയപരിമിതിമൂലം അദ്ദേഹത്തിന്റെ പ്രജ്ഞാ പ്രവാഹത്തിലെ ചെറിയൊരു ഭാഗം മാത്രമേ അമേരിക്കൻ ഹിന്ദുക്കൾ നേരിട്ട് അനുഭവിക്കാനായുള്ളൂ എങ്കിലും, ആ അനുഗ്രഹീത സാന്നിധ്യം ഹിന്ദുസമൂഹത്തിന് ആത്മവിശ്വാസവും പ്രചോദനവും നൽകിയത് നിസ്തർക്കമാണ്.



# യു.എസ് തീരുവ പ്രതിസന്ധി വൻസാധ്യതയാക്കാൻ ഇന്ത്യ പുതിയ ലോക വിപണികൾ തേടുന്നു

emalayalee.com

**എ.എസ് ശ്രീകുമാർ**

''മികച്ച നേതൃത്വം കടുത്ത പ്രതിസന്ധികളെ നല്ല അവസരങ്ങളാക്കി മാറ്റും...'' എന്നൊരു ചൊല്ലുണ്ട്. അമേരിക്ക ചുമത്തിയ ഉയർന്ന താരിഫ് മൂലം ഉണ്ടായ വ്യാപാര പ്രതിസന്ധികളെ നേരിടാൻ ഇന്ത്യ പുതിയ ലോക വിപണികൾ തേടിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ ഭീഷണിക്കു മുമ്പിൽ വഴങ്ങില്ല എന്ന് ആത്മവിശ്വാസത്തോടെ പ്രഖ്യാപിച്ചിരിക്കുകയാണ് രാജ്യം. തിരിച്ചടി നേരിടുന്ന ഇന്ത്യൻ വ്യവസായികൾ യൂറോപ്യൻ യൂണിയൻ ഉൾപ്പെടെയുള്ള മാർക്കറ്റുകളാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ ആഭ്യന്തര വിപണിയിലേക്കും അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും.

ടെക്സ്റ്റൈൽസ്, രത്നങ്ങൾ മേഖലകളെയാണ് താരീഫ് വർദ്ധനവ് ഏറെ ബാധിക്കുന്നത്. തമിഴ്നാട്ടിലെ തിരുപ്പൂരിൽ മാത്രം എട്ട് ലക്ഷത്തിലധികം പേർ വസ്ത്രകയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ കിറ്റെക്സിന്റെ വലിയ വസ്ത്ര വിപണിയാണ് അമേരിക്ക. ഇറക്കുമതി ചെയ്ത ഡയമണ്ട് നിശ്ചിത അളവിൽ കട്ടും പോളീഷും ചെയ്ത് കയറ്റുമതി ചെയ്യുന്നത് വലിയൊരു ബിസിനസ്സാണ്. ഈ മേഖലയിൽ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ ഭൂരിഭാഗവും അമേരിക്കയിലേക്കാണ്. ഗുജറാത്തിലെ സൂററ്റിൽ മാത്രം ഒമ്പത് ലക്ഷം പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. അവരൊക്കെ പുതിയ വിപണികൾ തേടിക്കൊണ്ടിരിക്കുകയാണ്.

ലോകത്തെ ഏറ്റവും പഴക്കമേറിയ ജനാധിപത്യ രാജ്യമാണ് അമേരിക്കയെങ്കിൽ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ഇരു രാജ്യങ്ങളും കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെയായി ഒന്നിച്ചാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. അമേരിക്ക മുന്നോട്ടു വയ്ക്കുന്ന ആഗോള രാഷ്ട്രീയ സമീപനത്തോട് ചേർന്നു നിൽക്കുന്ന ഒരു രാഷ്ട്രീയമായി ഇന്ത്യയുടെ വിദേശ നയം കൊണ്ടു പോകുന്ന അവസരത്തിലാണ് 25 ശതമാനം അധിക പിഴച്ചുങ്കം ട്രംപ് ചുമത്തിയത്. ഇത് ഇന്ത്യയുടെ

ആത്മാഭിമാനത്തെ വെല്ലുവിളിക്കുന്ന സമീപനമാണ്. എന്നാൽ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി പുതിയ വിപണികളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി യു.കെയ്ക്ക് പുറമെ ദക്ഷിണ കൊറിയ, ജപ്പാൻ, മറ്റു യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, ഓസ്ട്രേലിയ തുടങ്ങി 40-ലധികം രാജ്യങ്ങളുമായി ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

ഇന്ത്യ റഷ്യയിൽ നിന്ന് എണ്ണയും ആയുധങ്ങളും വാങ്ങുന്നതാണ് ട്രംപിന് ഹിതകരമല്ലാത്ത കാര്യം. മാത്രമല്ല, അമേരിക്കൻ വിരുദ്ധമെന്ന് ട്രംപ് അവകാശപ്പെടുന്ന ബ്രിക്സ് രാജ്യങ്ങളുടെ കൂട്ടായ്മയിലുള്ള ഇന്ത്യയുടെ അംഗത്വവും ട്രംപിനെ വല്ലാതെ ചൊടിപ്പിക്കുന്നു. എന്നാൽ ഇന്ത്യയെ പോലുള്ള ഒരു സ്വതന്ത്ര പരമാധികാര രാജ്യം ആരുടെ കൈയിൽ നിന്ന് എന്തൊക്കെ വാങ്ങണം, ഏതൊക്കെ അന്തർദേശീയ സംഘടനകളിൽ അംഗത്വം സ്വീകരിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ ആ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിൽ പെട്ട കാര്യങ്ങളാണ്.

**ഇന്ത്യ റഷ്യയിൽ നിന്ന് എണ്ണയും ആയുധങ്ങളും വാങ്ങുന്നതാണ് ട്രംപിന് ഹിതകരമല്ലാത്ത കാര്യം. മാത്രമല്ല, അമേരിക്കൻ വിരുദ്ധമെന്ന് ട്രംപ് അവകാശപ്പെടുന്ന ബ്രിക്സ് രാജ്യങ്ങളുടെ കൂട്ടായ്മയിലുള്ള ഇന്ത്യയുടെ അംഗത്വവും ട്രംപിനെ വല്ലാതെ ചൊടിപ്പിക്കുന്നു. എന്നാൽ ഇന്ത്യയെ പോലുള്ള ഒരു സ്വതന്ത്ര പരമാധികാര രാജ്യം ആരുടെ കൈയിൽ നിന്ന് എന്തൊക്കെ വാങ്ങണം, ഏതൊക്കെ അന്തർദേശീയ സംഘടനകളിൽ അംഗത്വം സ്വീകരിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ ആ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിൽ പെട്ട കാര്യങ്ങളാണ്.**

ഈ പശ്ചാത്തലത്തിൽ ഇത്തരം കാര്യങ്ങൾ ഉന്നയിച്ചു കൊണ്ട് ട്രംപ് ഏർപ്പെടുത്തിയ 25 ശതമാനം അധിക പിഴച്ചുങ്കത്തിന് യാതൊരു നീതീകരണവും ഇല്ല. എന്നാൽ അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക ശക്തിയാണ് ഇന്ത്യയുടേത്. ലോകത്തിലെ ഏറ്റവും വലിയ മാർക്കറ്റുകളിൽ ഒന്നാണ് ഇന്ത്യ. ആ യാഥാർത്ഥ്യത്തെ അവഗണിക്കാൻ ഒരു രാജ്യത്തിനും ആവില്ല. തന്റെ പിടിവാശിയിൽ നിന്ന് ട്രംപ് താഴേക്ക് ഇറങ്ങി വരികയും നിലവിലുള്ള വ്യാപാര പ്രതിസന്ധി പരിഹരിക്കപ്പെടുകയും ചെയ്യുമെന്ന് പ്രതീക്കുന്നവരുണ്ട്. ഇന്ത്യ-യു.എസ് ബന്ധം നിലവിൽ ഏറെ സങ്കീർണ്ണമാണെങ്കിലും, അവസാനം ഞങ്ങൾ ഒന്നിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് യു.എസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ് പ്രതികരിച്ചു.

ചൈന അടക്കമുള്ള രാജ്യങ്ങൾ അമേരിക്കയിലേക്ക് കയറ്റുമതി നടത്തി പണം കൊയ്യുന്നുണ്ടെന്നുള്ള കാര്യം ഇവിടെ



**കഴിഞ്ഞ അഞ്ച് പാദങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. റിസർവ് ബാങ്കിന്റെ 6.5 ശതമാനം വളർച്ചാ പ്രവചനത്തെ മറികടക്കുന്നതാണ് ഈ കണക്ക്. കഴിഞ്ഞ വർഷം ഇതേ ക്വാർട്ടറിൽ ജി.ഡി.പി വളർച്ച 6.7 ശതമാനം ആയിരുന്നു. ശരാശരി 6.7 ശതമാനം വളർച്ച കൈവരിക്കുമെന്നായിരുന്നു മറ്റ് സാമ്പത്തിക വിദഗ്ധരുടെ അനുമാനം.**




വിസ്മരിക്കുന്നില്ല. 3.8 ട്രില്ല്യൺ ഡോളറാണ് അമേരിക്കൻ മാർക്കറ്റിന്റെ ഇൻപുട്ട്. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കുറഞ്ഞ താരീഫ് നിരക്കിലാണ് യു.എസിലേക്ക് കയറ്റുമതി ചെയ്തുകൊണ്ടിരുന്നത്. അമേരിക്ക കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തി, 27 രാജ്യങ്ങൾ ഉൾപ്പെടുന്ന യൂറോപ്യൻ യൂണിയൻ ആണ്. അമേരിക്കയിൽ നിന്ന് യൂറോപ്യൻ യൂണിയനിലേക്ക് സീറോ താരീഫിലാണ് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതെങ്കിൽ അവിടെ നിന്ന് അമേരിക്കയിലേക്കുള്ള ഇറക്കുമതിക്ക് 15 ശതമാനം താരീഫാണ് ചുമത്തപ്പെടുന്നത്.


ഇന്ത്യയ്ക്കുമേൽ തങ്ങൾ ഏർപ്പെടുത്തിയതിന് സമാനമായ ഉപരോധങ്ങൾ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളോടും സ്വീകരിക്കാൻ വൈറ്റ് ഹൗസ് ആവശ്യപ്പെട്ടിരിക്കുകയാണ്. റഷ്യയിൽ നിന്ന് അസംസ്കൃത എണ്ണ വാങ്ങി യുക്രെയ്ൻ യുദ്ധത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇന്ത്യ മോസ്കോയുടെ യുദ്ധത്തിന് ധനസഹായം നൽകുന്നുണ്ടെന്ന് അമേരിക്ക ആരോപിക്കുന്നു. പക്ഷേ, റഷ്യൻ എണ്ണയുടെ ഏറ്റവും കൂടുതൽ വാങ്ങുന്ന രാജ്യം ചൈനയാണെന്നും യൂറോപ്പും മോസ്കോയിൽ നിന്ന് നിരന്തരം ഊർജ്ജ ഉൽപ്പന്നങ്ങൾ വാങ്ങുന്നുണ്ടെന്നും ഇന്ത്യ മറുപടി കൊടുത്തിട്ടുണ്ട്.

അതേസമയം, യു.എസ് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള ഉപകരണമെന്നുപറഞ്ഞ് വിദേശ രാജ്യങ്ങൾക്കുമേൽ ട്രംപ് ചുമത്തിയ തീരുവകളിൽ മിക്കതും നിയമപരമല്ലെന്ന് വാഷിങ്ടണിലെ ഫെഡറൽ സർക്കീറ്റ് അപ്പീൽ കോടതി ചൂണ്ടിക്കാട്ടിയിരുന്നു. അന്താരാഷ്ട്ര അടിയന്തര സാമ്പത്തികാധികാര നിയമം (ഇന്റർനാഷണൽ എമർജൻസി ഇക്കണോമിക് പവേഴ്സ് ആക്ട്-ഐ.ഇ.ഇ.പി.എ) ഉപയോഗിച്ച് ട്രംപ് ചുമത്തിയ തീരുവകൾ നിയമവിരുദ്ധമാണെന്നാണ് കഴിഞ്ഞ ദിവസം കോടതി വിധിച്ചത്. നിലവിലെ തീരുവകൾ ഒക്ടോബർ 14 വരെ തുടരാൻ കോടതി അനുവാദം നൽകി. ട്രംപ് സർക്കാരിന് സുപ്രീംകോടതിയിൽ അപ്പീൽ നൽകുന്നതിനു വേണ്ടിയാണ് ഈ സമയം.

ട്രംപിന്റെ താരിഫ് ഭീഷണികൾക്കിടയിലും ഇന്ത്യയുടെ ജി.ഡി.പി ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ ക്വാർട്ടറിൽ (ഏപ്രിൽ-ജൂൺ) അപ്രതീക്ഷിത കുതിപ്പ് നടത്തിയിരിക്കുന്നു. 7.8 ശതമാനം വളർച്ചയാണ് രാജ്യം കൈവരിച്ചത്. കഴിഞ്ഞ അഞ്ച് പാദങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. റിസർവ് ബാങ്കിന്റെ 6.5 ശതമാനം വളർച്ചാ പ്രവചനത്തെ മറികടക്കുന്നതാണ് ഈ കണക്ക്. കഴിഞ്ഞ വർഷം ഇതേ ക്വാർട്ടറിൽ ജി.ഡി.പി വളർച്ച 6.7 ശതമാനം ആയിരുന്നു. ശരാശരി 6.7 ശതമാനം വളർച്ച കൈവരിക്കുമെന്നായിരുന്നു മറ്റ് സാമ്പത്തിക വിദഗ്ധരുടെ അനുമാനം. 2025-26 സാമ്പത്തിക വർഷത്തിലെ ആദ്യ ക്വാർട്ടറിൽ ജി.ഡി.പി 47.89 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇത് 44.42 ലക്ഷം കോടി രൂപയായിരുന്നു. ഇത് സൂചിപ്പിക്കുന്നത് 7.8 ശതമാനം വളർച്ചയാണ്. ഇനി യു.എസ് താരിഫ് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ എങ്ങനെ ബാധിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.


India Press Club of North America
IPCNA
India Press Club of North America
SHERATON
'The largest bulb on the planet - located in Edison, NJ'
11th
INTERNATIONAL
MEDIA
CONFERENCE
2025
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# അമേരിക്കയിൽ 65 വർഷം: നവതി നിറവിൽ ഒ.സി. എബ്രഹാമിന്റെ വിശ്വാസ ജീവിതം





**ലാൽ വർഗീസ്, ഡാലസ്**

ശ്രീ. ഒ.സി. എബ്രഹാമിന്റെ (ഒ.സി.) ജീവിതം, തന്റെ പ്രവൃത്തികളിലൂടെ വിശ്വാസത്തെ ദൃശ്യമാക്കുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ ഈ ജീവിത യാത്ര ആരംഭിച്ചത് 1960-കളുടെ തുടക്കത്തിൽ ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ഒരു കപ്പൽ യാത്രയോടു കൂടിയാണ്.

1960 ജൂലൈ 28-ന് കൊച്ചിയിൽ നിന്ന് ഒരു ചരക്കുകപ്പലിൽ കയറിയാണ് ഒ.സി.യുടെ ഈ യാത്ര തുടങ്ങുന്നത്. കയറുപടികൾ കയറി കപ്പലിൽ പ്രവേശിച്ച് സൂയസ് കനാൽ വഴി അമേരിക്കയിലേക്ക്. 35 ദിവസത്തെ ക്ഷീണിപ്പിക്കുന്ന യാത്രക്കൊടുവിൽ ഒ.സി. ന്യൂയോർക്കിലെത്തി. അവസരങ്ങളുടെ ഈ മഹാരാജ്യത്തേക്ക് എത്തിച്ച ദൈവത്തിന്റെ പരിപാലനയ്ക്കും അനുഗ്രഹങ്ങൾക്കും അദ്ദേഹം നന്ദി പറയുന്നു.

അന്തരിച്ച അബ്രഹാം മാർ തോമ മെത്രാപ്പോലീത്തായുടെ ജീവിതവും ശുശ്രൂഷയും ഒ.സി.യുടെ ജീവിതത്തെയും വിശ്വാസയാത്രയെയും വളരെയധികം സ്വാധീനിച്ചു. 1914-ൽ ഉന്നത ദൈവശാസ്ത്ര പഠനത്തിനായി അമേരിക്കയിലെത്തിയ ആദ്യ



മാർത്തോമ്മാക്കാരൻ ഒരുപക്ഷേ തിരുമേനി ആയിരിക്കാം.

1960 സെപ്റ്റംബർ 2-ന് അതിരാവിലെ കപ്പൽ ജീവനക്കാർ ഒ.സി.യെ വിളിച്ചുണർത്തി. സ്റ്റാച്യു ഓഫ് ലിബർട്ടിയുടെ മനോഹരമായ കാഴ്ചയാണ് അദ്ദേഹം കണ്ടത്. കൊച്ചിയിൽ നിന്ന് 35 ദിവസത്തെ ദുരിതയാത്രക്കൊടുവിൽ ആ കാഴ്ച ഇപ്പോഴും ഓർക്കുന്നു. കടൽക്ഷോഭം, അപരിചിതമായ മെക്സിക്കൻ ഭക്ഷണം എന്നിവയെല്ലാം ആ യാത്രയിൽ ഉണ്ടായിരുന്നു. അറേബ്യൻ കടൽ, ചെങ്കടൽ, സൂയസ് കനാൽ, മെഡിറ്ററേനിയൻ കടൽ, അറ്റ്ലാന്റിക് സമുദ്രം എന്നിവ താണ്ടിയാണ് അദ്ദേഹം ന്യൂയോർക്കിലെത്തിയത്.

കയ്യിൽ 40 പൗണ്ട് ഭാരമുള്ള ഒരു സ്റ്റീൽ പെട്ടിയും 40 ഡോളറും മാത്രമായാണ് ഒ.സി. അമേരിക്കയിലെത്തിയത്. ന്യൂയോർക്കിൽ നിന്ന് 1000 മൈലിലധികം അകലെ അയോവയിലെ യൂണിവേഴ്സിറ്റി ഓഫ് ഡുബ്യൂക് തിയോളജിക്കൽ സെമിനാരിയിൽ എങ്ങനെ എത്തണമെന്നതിനെക്കുറിച്ച് യാതൊരു ധാരണയുമുണ്ടായിരുന്നില്ല. യഥാർത്ഥ ആവശ്യഘട്ടങ്ങളിൽ നാം ദൈവത്തിലേക്ക് തിരിയുമ്പോൾ, അവിടുന്ന് നമ്മെ സഹായിക്കാൻ ദൂതന്മാരെ അയക്കുമെന്ന് ഒ.സി. ഓർമ്മിപ്പിക്കുന്നു.

തുറമുഖത്ത് വെച്ച്, ഒരു മലയാളിയെപ്പോലെ തോന്നിച്ച ഒരാൾ അദ്ദേഹത്തെ തടഞ്ഞുനിർത്തി ഇന്ത്യയിൽ നിന്നാണോ എന്ന് ചോദിച്ചു. റന്നിയിൽ നിന്നുള്ള ഡോ. സി.സി. തോമസ് ആയിരുന്നു അത്. അദ്ദേഹം ദൈവശാസ്ത്ര പഠനത്തിനായി വരികയും ഇല്ലിനോയിയിലെ കങ്കാക്കീയിലുള്ള ഒരു സെമിനാരിയിൽ പഠിപ്പിക്കുകയുമായിരുന്നു. മറ്റൊരു കപ്പലിൽ മുംബൈയിൽ നിന്ന് വരുന്ന തന്റെ സഹോദരപുത്രനെ കൂട്ടിക്കൊണ്ടുപോകാൻ വന്നതായിരുന്നു അദ്ദേഹം. ഇരുവരും ചേർന്ന് അദ്ദേഹത്തിന്റെ സഹോദരപുത്രനെ കണ്ടുമുട്ടി, തുടർന്ന് ഡോ. സി.സി. തോമസിന്റെ 1953-ലെ സ്റ്റുഡീബേക്കർ കാറിൽ അവർ കങ്കാക്കീയിലെത്തി. അവിടെയെത്താൻ രണ്ട് ദിവസം എടുത്തു .

അവിടെ നിന്ന് ഒ.സി. ചിക്കാഗോയിലേക്ക് ഒരു ബസ്സിൽ യാത്ര തിരിച്ചു. അവിടെ അലഹബാദിൽ നിന്നുള്ള ഒരു സുഹൃത്തിനൊപ്പം താമസിച്ചു. ആ സമയത്ത് ചിക്കാഗോയിൽ ഉണ്ടായിരുന്ന ഏഴോളം മലയാളികളെ കണ്ടുമുട്ടി. രണ്ട് ദിവസം അവിടെ തങ്ങിയശേഷം ബസ്സിൽ യാത്ര ചെയ്ത് 40 ദിവസത്തിന് ശേഷം, 1960 സെപ്റ്റംബർ 6-ന് അദ്ദേഹം തന്റെ സെമിനാരിയിലെത്തി. അടുത്ത ദിവസം അമേരിക്കയിലെ ആദ്യത്തെ ജോലി അദ്ദേഹം ആരംഭിച്ചു. സെമിനാരിയിലെ കിടക്കകളും മെത്തകളും സംഭരണശാലയിൽ നിന്ന് ഡോർമിറ്ററികളിലേക്ക് മാറ്റുന്നതായിരുന്നു ജോലി. മണിക്കൂറിന് 1 ഡോളറായിരുന്നു കൂലി. ഒരു ദിവസം ഏകദേശം 10 ഡോളർ. അത് കേരളത്തിലെ ഒരു സ്കൂൾ അദ്ധ്യാപകന്റെ ഒരു മാസത്തെ ശമ്പളത്തിന് തുല്യമായിരുന്നു.

കറുത്തവർഗ്ഗക്കാർ പൗരാവകാശങ്ങൾക്കായി പോരാടിക്കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത് . വെള്ളക്കാരുമായി ഒരു ടാക്സി പങ്കിടാനോ, അതേ പ്രവേശന കവാടത്തിലൂടെ കെട്ടിടത്തിൽ പ്രവേശിക്കാനോ കറുത്തവർഗ്ഗക്കാർക്ക് അനുവാദമുണ്ടായിരുന്നില്ലെന്ന് ഒ.സി. ഓർക്കുന്നു. അവർക്ക് പ്രത്യേക വാട്ടർ ഫൗണ്ടനുകളിൽ നിന്ന് വെള്ളം കുടിക്കാനും, പ്രത്യേക ശുചിമുറികൾ

ഉപയോഗിക്കാനും, പ്രത്യേക സ്കൂളുകളിൽ പഠിക്കാനും, പ്രത്യേക സെമിത്തേരികളിൽ അടക്കം ചെയ്യാനും ആയിരുന്നു അനുവാദം . ഭക്ഷണശാലകളിൽ , പൊതു ലൈബ്രറികളിൽ , പൊതു പാർക്കുകളിൽ പോലും അവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. പല പാർക്കുകളിലും വെള്ളക്കാർക്കും കറുത്തവർഗ്ഗക്കാർക്കും പ്രത്യേക സമയങ്ങളിലാണ് പ്രവേശനം അനുവദിച്ചിരുന്നത്. ഒരു വെള്ളക്കാരൻ കടന്നുപോകുമ്പോൾ വഴിമാറി നിൽക്കണമായിരുന്നു, ഒരു വെള്ളക്കാരിയെ നോക്കാൻ പോലും അവർക്ക് ധൈര്യമുണ്ടായിരുന്നില്ല.

കോളേജ് കാമ്പസിനുള്ളിൽ ഒ.സി.ക്ക് വളരെ വ്യത്യസ്തമായ അനുഭവമാണുണ്ടായത്, കാരണം എല്ലാവരും വിദേശ വിദ്യാർത്ഥികളെ ബഹുമാനിച്ചിരുന്നു. പക്ഷേ, പുറത്തുള്ള ഭക്ഷണശാലകളിലും, ഹോട്ടലുകളിലും, പൊതു ബസ്സുകളിലും, മുടിവെട്ടുന്ന സ്ഥലങ്ങളിലും ഒരു കറുത്തവർഗ്ഗക്കാരന് നേരിടേണ്ടി വരുന്ന അതേ അനുഭവങ്ങൾ ഒ.സി.ക്കും നേരിടേണ്ടിവന്നു. ഒ.സി.യുടെ സുഹൃത്തുക്കൾ കാമ്പസിനുള്ളിൽ വെച്ച് അദ്ദേഹത്തിന്റെ മുടിവെട്ടാൻ സഹായിച്ചു. ആ സമയത്ത് വളരെ കുറച്ച് മാത്രം വെള്ളക്കാരല്ലാത്ത ആളുകൾ ഉണ്ടായിരുന്നതിനാൽ ഡുബ്യൂക്കിലെ തെരുവുകളിലൂടെ നടക്കുമ്പോൾ ആളുകൾ ഒ.സി.യെ തുറിച്ചുനോക്കിയിരുന്നു.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ നേതൃത്വത്തിലുള്ള മാർച്ച് നിരീക്ഷിക്കാനും പങ്കെടുക്കാനും ഒ.സി. മിസ്സിസിപ്പി, ലൂയിസിയാന, അലബാമ തുടങ്ങിയ തെക്കൻ സംസ്ഥാനങ്ങൾ സന്ദർശിച്ചു. സെൽമ, മോണ്ട്ഗോമറി, ബർമിംഗ്ഹാം എന്നിവിടങ്ങൾ സന്ദർശിച്ചപ്പോൾ, ഒരു വെളുത്ത വരയാൽ വേർതിരിച്ച ബസ്സിന്റെ പിന്നിൽ ഇരിക്കേണ്ടി വന്നതും, കറുത്തവർഗ്ഗക്കാർക്കായി മാത്രം നിശ്ചയിച്ചിട്ടുള്ള ശുചിമുറികൾ ഉപയോഗിക്കേണ്ടിവന്നതും



ഒ.സി. ഓർക്കുന്നു. പലതവണ പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ ഭക്ഷണശാലകളിലേക്ക് പോകാൻ പോലും ഭയമായിരുന്നു. ഒരു കറുത്ത സ്ത്രീ നൽകിയ ഒരു ആപ്പിൾ കഴിച്ചാണ് അദ്ദേഹം ഒരു ദിവസം മുഴുവൻ കഴിഞ്ഞുകൂടിയത്.

മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ അഹിംസാത്മക പ്രസ്ഥാനത്തെക്കുറിച്ച് ഒ.സി. അനുസ്മരിക്കുന്നു. 1963-ൽ പ്രസിഡന്റ് കെന്നഡി പൗരാവകാശ നിയമം (Civil Rights Act) മുന്നോട്ട് വെച്ചു, അത് 1964-ൽ പ്രസിഡന്റ് ജോൺസന്റെ ഭരണത്തിൻ കീഴിൽ നിയമമായി. ഫിലാഡെൽഫിയയിലെ ലിബർട്ടി ബെൽ സന്ദർശിച്ചതും, 1962 ജൂലൈ 4-ന് ജോൺ എഫ്. കെന്നഡി ഇവിടെ വന്നു എന്ന് എഴുതിയ സ്ഥലത്ത് ബഹുമാനത്തോടെ നിന്നതും ഒ.സി. ഓർക്കുന്നു. 1963 നവംബർ 22-ന് പ്രസിഡന്റ് കെന്നഡി കൊല്ലപ്പെട്ടത് ഞെട്ടലായി. ഐയോവയിൽ നിന്ന് വാഷിംഗ്ടൺ ഡി.സി.യിലേക്ക് രണ്ട് ദിവസത്തെ ബസ് യാത്രക്ക് ശേഷം, അദ്ദേഹം ക്യാപിറ്റോളിലെ റൊട്ടണ്ടയിൽ എത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും പെൻസിൽവാനിയ അവന്യൂവിൽ നിന്ന് ശവസംസ്കാര ഘോഷയാത്ര കാണുകയും ചെയ്തു.

നേറ്റീവ് അമേരിക്കക്കാരുടെ ജീവിതവും നീതിക്കുവേണ്ടിയുള്ള പോരാട്ടവും പഠിക്കുന്നതിലും ഒ.സി.ക്ക് താൽപ്പര്യമുണ്ടായിരുന്നു. ഡോ. ടി.എം. തോമസും അബ്രഹാം മട്ടക്കലും ചേർന്നെഴു

തിയ 'ഇൻ ദ ബിഗിനിംഗ്' എന്ന പുസ്തകത്തിലെ തന്റെ ലേഖനത്തിൽ ഒ.സി. എഴുതുന്നു: 'യൂറോപ്യന്മാർ വന്നതിന് ശേഷം, നേറ്റീവ് അമേരിക്കക്കാരെ യുദ്ധങ്ങളിലൂടെയും, ഉടമ്പടികളിലൂടെയും, ബലപ്രയോഗത്തിലൂടെയും റിസർവേഷനുകളിൽ ജീവിക്കാൻ നിർബന്ധിതരാക്കി. പുതിയ കുടിയേറ്റക്കാർ ഏകദേശം ആറ് കോടി നേറ്റീവ് അമേരിക്കക്കാരെ കൊന്നു എന്നാണ് ചരിത്രം പറയുന്നത്. ഇന്ന്, അവർക്ക് നേതൃത്വമില്ല, ഭരണത്തിൽ ശബ്ദമില്ല, തുല്യ അവകാശങ്ങളില്ല. ദാരിദ്ര്യം, തൊഴിലില്ലായ്മ, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുമായി അവർ ഇപ്പോഴും ജീവിക്കുന്നു.'

പ്രസ്ബിറ്റീരിയൻ സഭയുടെ ദേശീയ മിഷനറി പ്രവർത്തനങ്ങളിലൂടെ, 1961-ലെ വേനൽക്കാലത്ത് ഒ.സി. ഒക്ലഹോമയിലെ ചോക്റ്റോ, അർക്കൻസാസിലെ സെമിനോൾ എന്നീ രണ്ട് ഗോത്ര വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിച്ചു. യു.എസ്.എ-യിലെ നേറ്റീവ് അമേരിക്കക്കാർക്കിടയിൽ മിഷനറിയായി പ്രവർത്തിച്ച ആദ്യത്തെ മലയാളി ഒരുപക്ഷേ ഒ.സി. ആയിരിക്കാം. മുതിർന്നവരെ ബഹുമാനിക്കുക, കുട്ടികളോടുള്ള സ്നേഹം, കുടുംബബന്ധങ്ങളോടുള്ള അടുപ്പം, ശക്തമായ ധാർമ്മിക മൂല്യങ്ങൾ തുടങ്ങിയ കേരളീയ ക്രൈസ്തവ സംസ്കാരത്തിന് സമാനമായ നിരവധി കാര്യങ്ങൾ ഒ.സി. നേറ്റീവ് അമേരിക്കക്കാർക്കിടയിൽ ശ്രദ്ധിച്ചു. 1961-ലെ വേനൽക്കാലത്ത് നേറ്റീവ് അമേരിക്കക്കാർക്കിടയിൽ ഒ.സി.യുടെ മറ്റൊരു വിശ്വാസയാത്രയുടെ തുടക്കമായിരുന്നു ഇത്.

2002-ൽ നോർത്ത് അമേരിക്കൻ ഭദ്രാസനം നേറ്റീവ് അമേരിക്കക്കാർക്കിടയിൽ മിഷനറി പ്രവർത്തനം ആരംഭിക്കുകയും ആ ദൗത്യം ഒ.സി.യെയും ഭാര്യ നിർമ്മലയെയും ഏൽപ്പിക്കുകയും ചെയ്തു. നിരവധി ശ്രമങ്ങൾ പരാജയപ്പെട്ടതിന് ശേഷം, ഒടുവിൽ ഒ.സി. ജീൻ ഹോഴ്സ് വിൽസണുമായി ബന്ധപ്പെടാൻ കഴിഞ്ഞു. ബ്രോക്കൺ ബോ ക്യാമ്പിലെ നേറ്റീവ് അമേരിക്കക്കാരുമായി 1961-ലെ വേനൽക്കാലത്ത് ഒ.സി.യോടൊപ്പം പ്രവർത്തിച്ച ആളാണ് അദ്ദേഹം. ആ പ്രദേശത്തെ 12 പള്ളികളുടെ ശുശ്രൂഷകനായിരുന്ന അദ്ദേഹം, ഒ.സി.യെയും മാർത്തോമ്മാ സഭയിലെ സന്നദ്ധപ്രവർത്തകരെയും നേറ്റീവ് അമേരിക്കക്കാർക്കിടയിൽ പ്രവർത്തിക്കാൻ ആത്മാർത്ഥമായി സ്വാഗതം ചെയ്തു. ഒ.സി. ആ പുസ്തകത്തിൽ എഴുതി: 'നാല്പത് വർഷം മുൻപ് ദൈവത്തിന് ഒരു പദ്ധതിയുണ്ടായിരുന്നുവെന്ന് എനിക്കറിയില്ലായിരുന്നു - നമ്മുടെ സഭയുടെ ഭാവി മിഷനു വേണ്ടി ഒരു അടിത്തറ ഒരുക്കാൻ അവിടുന്ന് എന്നെ ഉപയോഗിക്കുകയായിരുന്നു.'

ഫിലാഡെൽഫിയ പ്രസ്ബിറ്ററിയിൽ ഒരു സന്നദ്ധപ്രവർത്തകനായും ഒ.സി. സേവനമനുഷ്ഠിച്ചു. അവിടെ ബെറീൻ പള്ളിയിൽ സമീപത്തുള്ള കുട്ടികൾക്കായി വിബിഎസും ഡേ ക്യാമ്പും നടത്തി. ആ സമയത്ത് ഫിലാഡെൽഫിയയിൽ രണ്ടോ മൂന്നോ മലയാളി ബിരുദ വിദ്യാർത്ഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് ഒ.സി. ഓർക്കുന്നു. പള്ളിയിലെ ബെഞ്ചിൽ കിടന്നുറങ്ങിയും, മക്ഡൊണാൾഡ്സിൽ നിന്ന് ഭക്ഷണം കഴിച്ചുമാണ് അദ്ദേഹം ഫിലാഡെൽഫിയയിൽ കഴിഞ്ഞത്. അക്കാലത്ത് ഒരു ഹാംബർഗറിന് 15 സെന്റും, ഫ്രഞ്ച് ഫ്രൈസിനും പാലിനും അല്ലെങ്കിൽ സോഡക്കും 10 സെന്റും മാത്രമായിരുന്നു വില. അതായത് ഒരു ഡോളർ കൊണ്ട് ഒരു ദിവസം രണ്ട് നേരത്തെ ഭക്ഷണം അദ്ദേഹം കഴിച്ചിരുന്നു.

ഡുബ്യൂക്കിൽ നിന്ന് എം.ഡിവി. പഠനവും, ചിക്കാഗോയിലെ മക്കോർമിക് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ചർച്ചും കമ്മ്യൂണിറ്റിയും പ്രധാന വിഷയമായുള്ള എം.എ. പഠനവും, സ്വിറ്റ്സർലൻഡിലെ ജനീവ യൂണിവേഴ്സിറ്റിയിലെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ബിരുദാനന്തര പഠനവും പൂർത്തിയാക്കിയ ശേഷം, 1965-ൽ ഒ.സി. കേരളത്തിലേക്ക് മടങ്ങി.

അന്തരിച്ച തോമസ് മാർ അത്താനാസിയോസ് തിരുമേനി ഒ.സി.യെ കോളേജ് കാമ്പസുകളിൽ വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥി ചാപ്ലയിൻ ആയി നിയമിച്ചു. ഏകദേശം ഒരു വർഷം ഈ സ്ഥാനത്ത് അദ്ദേഹം പ്രവർത്തിച്ചു. 1967-ൽ നിർമ്മലയെ വിവാഹം കഴിക്കുകയും, അമേരിക്കയിലേക്ക് മടങ്ങിയെത്തുകയും ടെമ്പിൾ യൂണിവേഴ്സിറ്റിയിൽ മതത്തിൽ പി.എച്ച്.ഡി.ക്ക് ചേരുകയും ചെയ്തു.

അറുപതുകളുടെ അവസാനത്തിൽ ഫിലാഡെൽഫിയയിൽ ഏകദേശം 14 മലയാളികൾ ഉണ്ടായിരുന്നു. അവർ അവിടെ ഒരു മലയാളി ക്രിസ്ത്യൻ സമൂഹം ആരംഭിക്കുകയും, സഭാപരമായ കൂട്ടായ്മയും പ്രാർത്ഥനാ കൂട്ടങ്ങളും തുടങ്ങി, മാസത്തിൽ ഒരിക്കൽ ഫിലാഡെൽഫിയയിലെ 34-ാം സ്ട്രീറ്റും ചെസ്റ്റ്നട്ടും ചേരുന്നിടത്തുള്ള ആഷ്ബറി മെത്തഡിസ്റ്റ് പള്ളിയിൽ ആരാധനക്കായി കൂടിവന്നു. പ്രിൻസ്റ്റൺ, ന്യൂയോർക്ക്, ബോസ്റ്റൺ എന്നിവിടങ്ങളിൽ പഠിച്ചിരുന്ന അച്ചന്മാർ മലയാളി സമൂഹത്തിന്റെ ആത്മീയവും ആരാധനാപരവുമായ ജീവിതത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. ഈ എളിയ തുടക്കം ഫിലാഡെൽഫിയയിൽ കേരളീയ ക്രൈസ്തവർ ആരംഭിച്ച നി

രവധി സഭകളുടെ തുടക്കമായിരിക്കാമെന്ന് ഒ.സി. നന്ദിയോടെ ഓർക്കുന്നു.

ഒ.സി.യുടെയും നിർമ്മലയുടെയും വിശ്വാസയാത്ര വെല്ലുവിളികൾ നിറഞ്ഞതും അതേസമയം ആവേശകരവുമായിരുന്നു. കുട്ടികളെ വളർത്തുകയും, അവരുടെ വിവാഹത്തിന് സാക്ഷ്യം വഹിക്കുകയും, പേരക്കുട്ടികളുണ്ടാവുകയും ചെയ്തു. 2024 മെയ് 21-ന് ഒ.സി. തന്റെ 90 വർഷത്തെ മഹത്തായ വിശ്വാസയാത്ര പൂർത്തിയാക്കി. വളരെ ചെറിയ അപ്പാർട്ട്മെന്റുകളിൽ പരിമിതമായ സാമ്പത്തിക സാഹചര്യങ്ങളിൽ അവർ സംതൃപ്തമായ ജീവിതം നയിച്ചു. അവർക്ക് കഴിയുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകി കുട്ടികളെ വളർത്തി. കേരളത്തെ വളരെ അധികം മിസ്സ് ചെയ്തതിനാൽ അവർ കുട്ടികളെ ഇന്ത്യൻ നൃത്തവും സംഗീതവും പഠിപ്പിക്കുകയും സാംസ്കാരിക സംഘടനകളുടെ ഭാഗമാവുകയും ചെയ്തു. സഭയിലോ സമൂഹത്തിലോ ഒരു സ്ഥാനങ്ങളും ആഗ്രഹിക്കാത്ത എല്ലാ വിശ്വാസികൾക്കും ഒരു മാതൃകയാണ് ഒ.സി. താഴ്മയും സൗമ്യതയും വിനയവുമുള്ള വ്യക്തിയാണ് അദ്ദേഹം, ഒരിക്കലും മറ്റുള്ളവരെക്കുറിച്ച് മോശമായി സംസാരിച്ചിട്ടില്ല.

ഇപ്പോൾ, അമേരിക്കയിലെ തന്റെ 65 വർഷത്തെ ജീവിതത്തിന് ശേഷം, 90 വയസ്സ് തികയുമ്പോൾ, തനിക്കും തന്റെ കുടുംബത്തിനും ലഭിച്ച ദൈവത്തിന്റെ അളവറ്റ അനുഗ്രഹങ്ങൾക്കും പരിപാലനയ്ക്കും ഒ.സി. ദൈവത്തിന് നന്ദി പറയുന്നു. അപ്പോസ്തല പ്രവർത്തികൾ 1:8-ൽ രേഖപ്പെടുത്തിയിട്ടുള്ള യേശുക്രിസ്തുവിന്റെ വാക്കുകൾ പിന്തുടരുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണ് ഒ.സി. എല്ലാ പ്രതിസന്ധികൾക്കിടയിലും, ഒ.സി. തന്റെ വിശ്വാസയാത്ര തുടർന്നു.



കർത്താവിന്റെ മഹത്വത്തിനായി നല്ല പ്രവൃത്തികൾ ചെയ്ത ഒരു വ്യക്തിയുടെ ഉത്തമ ഉദാഹരണമാണ് ഒ.സി. തന്റെ ദൗത്യവും ശുശ്രൂഷയും ഈ ലോകത്തിൽ തുടരുന്നതിന് വിശ്വാസത്തിൽ ധനികരായ ഈ ലോകത്തിലെ ദരിദ്രരെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു. ഒരു കപ്പൽ യാത്രയിലൂടെ ആരംഭിച്ച ഒ.സി.യുടെയും നിർമ്മലയുടെയും വിശ്വാസയാത്ര ദൈവത്തിന്റെ പരിപാലനയിൽ തുടരുവാൻ കർത്താവ് അവരെ കാത്തുസൂക്ഷിക്കട്ടെ.

ഒ.സി.യുമായും നിർമ്മലയുമായും എനിക്ക് മുപ്പത് വർഷത്തിലേറെയായി അടുത്ത സൗഹൃദമുണ്ട്. അമേരിക്കയിലെ പ്രവാസി മാർത്തോമ്മാ സമുദായത്തിന് തുടക്കക്കാരായ അവരുടെ ജീവിതത്തെയും ശുശ്രൂഷയെയും ഞാൻ അഭിനന്ദിക്കുന്നു. നേറ്റീവ് അമേരിക്കൻ സമൂഹങ്ങൾ, മെക്സിക്കോ, മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവർ ചെയ്ത ദാസ്യവൃത്തിക്ക് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. സഭാപരമായ ഐക്യത്തിനും വംശീയ ബന്ധങ്ങൾക്കും അവർ നൽകിയ സംഭാവനകൾക്കും ഞാൻ അവർക്ക് നന്ദി പറയുന്നു. വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾക്കിടയിൽ, 'വിശ്വാസമുള്ളവരും വിശ്വാസമില്ലാത്തവരുമായി' ജീവിച്ചും, ദൈവത്തിന്റെ കൃപയിൽ 'ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും' (യോശുവ 24:15) എന്ന് പ്രഖ്യാപിച്ചും ഒരു മാതൃകാപരമായ ക്രിസ്തീയ കുടുംബമായി ജീവിച്ചതിന് നന്ദി.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ഒരു ചായ.... രണ്ട് വട...

**നീലീശ്വരം സദാശിവൻകുഞ്ഞി**

കേരളത്തിലെ നാട്ടിൻപുറങ്ങളിലെ ചായക്കടകളിൽ നിത്യേനയെന്നോണം നാം കേൾക്കുന്ന ശബ്ദമാണിത് . സമോവറിൽ വെന്തുരുകുന്ന വെള്ളം ചായക്കാരന്റെ ഗ്ലാസിലേക്ക് വീഴുമ്പോൾ വന്നയാൾ വീണ്ടും പറയും, 'ചേട്ടാ വെള്ളം കുറച്ച് പൊടി കൂട്ടി അടിക്കാതെ എടുക്കണേ'" .

"പിന്നെയ് വടയ്ക്ക് ചട്ണി വേണ്ട അല്പം സാംബാർ മതി "

ഈ വാക്കുകൾ ആഗസ്റ്റ് 23 ന് അമേരിക്കയിൽ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ മനോഹരമായി അലങ്കരിച്ച മുറ്റത്ത് കേട്ടപ്പോൾ ആളുകൾ സംശയത്തോടെ പരസ്പരം നോക്കി. പിന്നീട് ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞു നോക്കി . ഒരുവേള അവർ കേരളത്തിൽ ഏതോ കുഗ്രാമത്തിൽ എത്തിയപോലെ എല്ലാവർക്കും അനുഭവപ്പെട്ടു .

കടയുടെ മുന്നിൽ തൂങ്ങിയ ലക്ഷണമൊത്ത പാളയംതോടൻ പഴക്കുലകൾ ഒന്ന് തൊടാൻ കൊതിക്കുന്ന പോലെ ആരെയും കടയിലേക്ക് മാടിവിളിക്കുന്നു .



കപ്പലണ്ടി മിഠായി കണ്ടവരുടെ വായിൽ കൊതികൊണ്ട് ഒരു കപ്പലോടിക്കാം ."മാക്രോണി" മിഠായി തിന്നാൻ ആളുകൾക്ക് എന്താ ഒരു ആക്രാന്തം.? .ചൗമിഠായി, ജീരക മിഠായി തുടങ്ങി മിഠായികൾ ഭരണികളിലിരുന്ന് മാടിവിളിക്കുമ്പോൾ കോളിളക്കം , ചെമ്മീൻ , അഥർവം മുതലായ സിനിമാ പോസ്റ്ററുകൾ 1990 നു മുൻപുള്ള ജനഹൃദയങ്ങളെ പുളകം കൊള്ളിച്ചു കാണും . വക്കോൽ മേഞ്ഞ പോലെ തന്നെ പുല്ലു മേഞ്ഞ ചായക്കടയിൽ മലയാളത്തിന്റ മുൻനിര പത്രങ്ങളും മാസികകളും കണ്ടവർ കേരളത്തിലെ ഏതോ കുഗ്രാമത്തിൽ എത്തി എന്ന് തോന്നിയത് യാദൃശ്ചികമല്ല .




ഈ ചായക്കടയുടെ ചന്തം റിയാലിറ്റി ബിസിനസ്സിൽ പകരം വക്കാനില്ലാത്ത പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്ന റിയാലിറ്റി ഡയമണ്ട് ഗ്രൂപ്പ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ തോമസ് പോൾ എന്ന മഹത് വ്യക്തിയുടെ നിർലോഭമായ സഹകരണം ഒന്നുകൊണ്ട് മാത്രം സാധ്യമായിട്ടുള്ളതാണ്. അദ്ദേഹമാണ് ഈ ചായക്കട സ്പോൺസർ ചെയ്തത് .

കേരളത്തിൽ നിന്ന് കടയിലേക്ക് ആവശ്യമായ സാധനങ്ങൾ എല്ലാം യഥാ സമയത്ത് എത്തിച്ചതിൽ ചെയർമാൻ ശ്രീ ബിനു മാത്യു , ഓണം ചെയർമാൻ ശ്രീ അഭിലാഷ് ജോൺ , പ്രോഗ്രാം പ്രൊഡ്യൂസർ ശ്രീ അരുൺ കോവാട്ട് എന്നിവരുടെ സമയോചിതമായ ഇടപെടലുകൾ അഭിനന്ദനം അർഹിക്കുന്നു. അതെ "പോരട്ടെ ഒരു ചായയും ഒപ്പം രണ്ട് വടയും"



# വിശുദ്ധ യോഹന്നാൻ മാംദാനയുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു

ന്യൂയോർക്ക്: വിശുദ്ധ യോഹന്നാൻ മാംദാനയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഓറഞ്ച്ബർഗ് സെൻറ് ജോൺസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ആണ്ടുതോറും നടത്തിവരുന്ന പരിശുദ്ധൻെറ ഓർമ്മപ്പെരുന്നാൾ ഓഗസ്റ്റ് 23, 24 തീയതികളിൽ ഭക്തിയാദരപൂർവ്വം ആചരിച്ചു. അഖില മലങ്കര വൈദിക സംഘം ജനറൽ സെക്രട്ടറി റവ. ഫാ. ഡോ. നൈനാൻ വി.ജോർജ്ജ് മുഖ്യ കാർമ്മികനായിരുന്നു. സമീപ ഇടവകകളെ പ്രതിനിധീകരിച്ച് വന്ദ്യ വൈദികരും അത്മായരും പെരുന്നാളിൽ സന്നിഹിതരായിരുന്നു.

വെള്ളിയാഴ്ച വൈകുന്നേരം സന്ധ്യ നമസ്ക്കാരത്തോടെ പെരുന്നാളാചരണം ആരംഭിച്ചു. ഇടവക ഗായകസംഘം ശ്രുതിമധുരമായ ഭക്തിഗാനങ്ങളാലപിച്ചു. ഇടവക വികാരി റവ.ഫാ. എബി പൗലോസ് എല്ലാവരെയും പെരുന്നാളാഘോഷത്തിലേയ്ക്ക് സ്വാഗതം ചെയ്തു. മുഖ്യ കാർമ്മികൻ റവ. ഫാ.ഡോ. നൈനാൻ വി.ജോർജ്ജ് അനുഗ്രഹ പ്രഭാഷണം നടത്തി. യേശുക്രിസ്തുവിന്റെ മുന്നോടിയായി ജീവിച്ച വി. യോഹന്നാൻ അനേകരെ മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ ക്രിസ്തുവിലേയ്ക്കടുപ്പിക്കുകയും സത്യത്തിനുവേണ്ടി നിലകൊണ്ട് ആത്യന്തികമായി സ്വജീവിതം തന്നെ ബലിയർപ്പിക്കുകയും ചെയ്തുവെന്നും ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുവാനും അവൻെറ കാലടികളെ പിന്തുടരുവാനുമായി സ്വജീവിതങ്ങളെ ക്രമീകരിക്കുവാനുള്ള പ്രചോദനമാകണം ആ വിശുദ്ധൻെറ ഓർമ്മയും പെരുന്നാളാചരണവുമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. തുടർന്ന് ദേവാലയത്തിനു ചുറ്റും നടത്തിയ പ്രദിക്ഷണത്തിന് മുഖ്യ കാർമ്മികനും സഹവൈദി



കരും നേതൃത്വം നൽകി.മുത്തുക്കുടകളും കൊടികളും കത്തിച്ച മെഴുകുതിരികളുമേന്തിയ ഭക്തജനം പ്രദക്ഷിണത്തിൽ പങ്കെടുത്തു. ചെണ്ടമേളവും വെടിക്കെട്ടും പ്രദക്ഷിണത്തിന് കൊഴുപ്പേകി. ആശീർവാദത്തോടെ പെരുന്നാളിൻറെ ഒന്നാം ദിവസത്തെ ആത്മീയ ചടങ്ങുകൾ അവസാനിച്ചു.

പെരുന്നാളിൻറെ ഭാഗമായി നാടൻ ശൈലിയിൽ ഇടവകയിലെ യുവജനങ്ങൾ മാർക്കറ്റ് ബോയിസ് എന്ന പേരിൽ സംഘടിപ്പിച്ച തട്ടുകട, സ്ത്രീകളുടെ സംരംഭമായ അടുക്കള ക്വീൻസും, എം.ജി.ഒ.സി.എമ്മിൻറെ ആഭിമുഖ്യത്തിലുള്ള സ്മോഴ്സ് സ്റ്റേഷനും, സണ്ടേസ്കൂളിൻറെ നേതൃത്വത്തിൽ ഉള്ള സ്റ്റാളും ചേർന്നപ്പോൾ നാട്ടിലെ ഒരു പള്ളിപ്പെരുന്നാളിൽ പങ്കെടുത്ത ഫീൽ അനുഭവപ്പെട്ടു. രുചികരമായ നാടൻ വിഭവങ്ങളായ, കപ്പ, ബീഫ്, പൊറോട്ടാ, ബിരിയാണി, തത്സമയം ചുട്ടെടുത്ത ദോശ, അപ്പം, ആംലെറ്റ് തുടങ്ങിയവയും അമേരിക്കൻ ഇനങ്ങളും തുച്ഛമായ വിലയ്ക്ക് വാങ്ങി ജനം ആസ്വദിച്ചു. തുടർന്ന് നാടൻ രീതിയിൽ ഓപ്പൺ എയർ സ്റ്റേജിൽ അരങ്ങേറിയ ക്രിസ്തീയ ഗാനമേളയും പെരുന്നാളിനെ അവിസ്മരണീയമാക്കി..

ഓഗസ്റ്റ് 24ാം തീയതി ഞായറാഴ്ച റവ. ഫാ. ഡോ. നൈനാൻ വി. ജോണിൻറെ മുഖ്യ കാർമ്മികത്വത്തിൽ അനുഷ്ഠിക്കപ്പെട്ട വിശുദ്ധ കുർബ്ബാന, പ്രദക്ഷിണം, ആശീർവാദം, സ്നേഹവിരുന്ന് എന്നിവയോടെ ആത്മശരീര മനസ്സുകളുടെ നവീകരണം പ്രാപിച്ച് ഇടവകയുടെ കാവൽപ്പിതാവിൻറെ നാമത്തിലുള്ള പെരുന്നാളിന് പരിസമാപ്തിയായി.
























MARKET BOYS





Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ശ്രീനാരായണഗുരു ദി പെർഫെക്റ്റ് യൂണിയൻ ഓഫ് ബുദ്ധ ആൻഡ് ശങ്കര തെലുങ്ക് പരിഭാഷ പ്രകാശനം ചെയ്തു

ഹൈദരാബാദ്: ""ശ്രീ നാരായണഗുരു ദി പെർഫെക്റ്റ് യൂണിയൻ ഓഫ് ബുദ്ധ ആൻഡ് ശങ്കര"" എന്ന പേരിൽ അശോകൻ വേങ്ങശ്ശേരി ആംഗലേയ ഭാഷയിൽ രചിച്ച ജീവചരിത്ര ഗ്രന്ഥത്തിന്റെ തെലുങ്ക് പരിഭാഷ ആഗസ്റ് 28-നു ഹൈദരാബാദ് രവീന്ദ്രഭാരതി ഹാളിൽ നടന്ന സമ്മേളനത്തിൽ പ്രകാശനം ചെയ്തു. ശ്രീനാരായണഗുരുവിനെ ആഴത്തിൽ പഠിച്ചിട്ടുള്ള തെലുങ്ക്-കന്നഡ സിനിമതാരം സുമൻ തൽവാർ പ്രകാശനകർമ്മം നിർവഹിച്ചു

പത്മശ്രീ ഡോ. സായിബാബ ഗൗഡ അധ്യക്ഷത വഹിച്ചു. പ്രശസ്ത തെലുങ്ക് പണ്ഡിത ലക്ഷ്മി നാഗേശ്വർ പുസ്തകം പരിചയപ്പെടുത്തി. പുസ്തക പരിഭാഷകനായ മുരളീധര ഇസനാക്ക, കേന്ദ്ര സാഹിത്യഅക്കാദമി അവാർഡു നേടിയിട്ടുള്ള കന്നഡ-മലയാള സാഹിത്യകാരൻ സുധാകരൻ രാമന്തളി, വൈ. സത്യനാരായണ, എഴുത്തുകാരനും കൊച്ചി ഫിഷറീസ് യൂണിവേഴ്സിറ്റി മുൻ അസി.രജിസ്ട്രാറുമായിരുന്ന പി. ആർ ശ്രീകുമാർ, പ്രഭാഷകനായ ജയരാജ് ഭാരതി തുടങ്ങിയവർ സംസാരിച്ചു. അശോകൻ വേങ്ങശ്ശേരി മറുപടി പ്രസംഗം നടത്തി. ഉപേന്ദ്ര ഗൗഡ സ്വാഗതവും എസ്. രാമലിംഗം നന്ദിയും പറഞ്ഞു.

ഗുരുദേവകൃതികളുടെ നൃത്ത-നാടക ആവിഷ്കാരങ്ങൾ വിദ്യാർഥികൾ അവതരിപ്പിച്ചു. ഇംഗ്ളീഷിലും കന്നടയിലും നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള ഡോ. സത്യഭായി ശിവദാസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ചടങ്ങു സംഘടിപ്പിച്ചത്.

ഇംഗ്ളീഷ് ജീവചരിത്രത്തിന്റെ പരിഭാഷകൾ ഹിന്ദി, മറാത്തി, തമിഴ് എന്നീ ഭാഷകളിൽ നേരത്തെ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. കന്നഡ, ബംഗാളി, സംസ്കൃതം എന്നീ പരിഭാഷകൾ പൂർത്തിയായിട്ടുണ്ട്. മലയാളം പരിഭാഷ പുരോഗമിക്കുന്നു.



# അഭിമാന വിജയം നേടിയ കെ.എച്ച്.എൻ.എ. യുടെ പുതിയ നേതൃത്വം

**സുരേന്ദ്രൻ നായർ**

വിശ്വസംസ്കാര വേദിയിൽ അശ്വമേധം നടത്തുന്ന ആർഷ ദർശന മൂല്യങ്ങളെ അമേരിക്കൻ ഭൂമികയിൽ സംരക്ഷിച്ചു പ്രചരിപ്പിക്കുന്ന കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ രജത ജൂബിലി സമ്മേളനം വമ്പിച്ച കലാസാംസ്കാരിക പരിപാടികളോടെ ന്യൂജേഴ്സി അറ്റ്ലാന്റിക് സിറ്റിയിൽ സമാപിച്ചു.

കെ.എച്ച്.എൻ.എ. എന്ന യാഗാശ്വത്തെ അടുത്ത രണ്ടു വർഷത്തേക്ക് നയിക്കേണ്ട നേതൃത്വത്തെ കണ്ടെത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായപ്പോൾ പ്രവാസികളിൽ രണ്ടാം തലമുറയും പിന്നിട്ടു മൂന്നാം നിരയിലുള്ള യുവത്വത്തിന്റെ പ്രസരിപ്പുള്ള ഒരു നവ നിര എഴുപതു ശതമാനത്തോളം ജനപിന്തുണയോടെ അഭിമാന വിജയം കൈവരിച്ചു. അനുദിനം നവീകരണത്തിന് വിധേയമാകുന്ന ഹൈന്ദവ ധർമ്മത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവും പ്രതീക്ഷയും പുതുതലമുറയെ ഏൽപ്പിച്ചതിലൂടെ അമേരിക്കയിലുള്ള ആബാലവൃദ്ധം മലയാളി ഹിന്ദുക്കളെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുക എന്ന ദൗത്യമാണ് അവരിൽ നിക്ഷിപ്തമാകുന്നത്.



പ്രാദേശികവും ജാതീയവുമായ വിവേചനങ്ങൾക്കതീതമായി ഹിന്ദു സമൂഹത്തെ നയിക്കാനുള്ള നിയോഗം ഏറ്റെടുത്തിരിക്കുന്നത് അമേരിക്കൻ മലയാളി നേതൃനിരയിൽ സുപരിചിതനായ ഫ്ലോറിഡയിൽ നിന്നുള്ള ടി. ഉണ്ണികൃഷ്ണനാണ്. അവധാനതയോടെയുള്ള ഇടപെടലുകളും സൗമ്യമായ പെരുമാറ്റവും കൊണ്ട് ജനഹൃദയങ്ങൾ കീഴടക്കി പ്രസിഡന്റ് പദവിലെത്തിയ അദ്ദേഹം ഇൻഡോ അമേരിക്കൻ യുവാക്കളിൽ അവർ ആർജ്ജിച്ചെടുത്ത സാങ്കേതിക മികവിനോടൊപ്പം ഭാരതീയ മൂല്യ സങ്കല്പങ്ങൾ സന്നിവേശിപ്പിക്കുന്ന ഒരു സമഗ്ര പദ്ധതി വിഭാവനം ചെയ്യുന്നതായി സത്യപ്രതിജ്ഞ ചടങ്ങിനോടനുബന്ധമായി വ്യക്തമാക്കിയിരുന്നു.

സംഘടനാ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കാൻ നിയുക്തയായ സെക്രട്ടറി സിനു നായർ സ്ത്രീ ശക്തിയുടെ വിനീത സാന്നിധ്യവും പൊതു പ്രവർത്തന

രംഗത്തെ മഹനീയ മാതൃകയും കെ.എച്ച്.എൻ.എ. യുടെ ആദ്യ വനിത സെക്രട്ടറിയും.

വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്ന ഫിനാൻസ് മാനേജ്മന്റ് ഏതൊരു സംഘടനയുടെയും അനിവാര്യതയാണ്. അക്കാര്യം തിരിച്ചറിഞ്ഞ ജനവിധിയിലുടെ ട്രഷറർ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടത് ഒർലാണ്ടോയിലെ അറിയപ്പെടുന്ന സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് ആയ അശോക് മേനോനാണ്.

നേതൃനിരയിൽ സഹായികളായി വൈസ് പ്രസിഡന്റായി ന്യൂജേഴ്സി ഹിന്ദു കൂട്ടായ്മയുടെ അമരക്കാരനായ സഞ്ജീവ് കുമാറും, ജോയിന്റ് സെക്രട്ടറിയായി സൗത്ത് ഫ്ലോറിഡ ഹിന്ദു അസോസിയേഷൻ പ്രസിഡന്റായിരുന്ന ശ്രീകുമാർ ഹരിലാലും, ജോയിന്റ് ട്രഷററായി ദേശിയ മലയാളി സംഘടനകളിൽ സജീവ സാന്നിധ്യമായ അപ്പുകുട്ടൻ പിള്ളയും വൻ ഭൂരിപക്ഷത്തിൽ പ്രസിഡന്റ് ഉണ്ണികൃഷ്ണന്റെ സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സാധാരണ മത്സര രംഗത്തുണ്ടാകുന്ന വീറും വാശിയും തെരഞ്ഞെടുപ്പ് കഴിയുന്നതോടെ വിസ്മരിക്കപെടുകയും ഒരേ കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഒത്തൊരുമയോടെ മുന്നോട്ടു പോകുന്നതുമാണ് പതിവ്. എന്നാൽ അത്തരത്തിലുള്ള ഏതെങ്കിലും മുറിവുകൾ അവശേഷിക്കുന്നുവെങ്കിൽ സാന്ത്വന സ്പർശവുമായി അതൊക്കെ പരിഹരിക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം സംഘടനയുടെ ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുകയും സംഘടനയുടെ സുസ്ഥിരത ഉറപ്പുവരുതുന്നതുമായ ട്രസ്റ്റി ബോർഡിനാണ്.

സംഘടനാപരമായി ഭാരിച്ച ചുമതലകൾ നിർവഹിക്കാനുള്ള ട്രസ്റ്റി ബോർഡിന്റെ അധ്യക്ഷ പദവിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ന്യൂയോർക്കിലെ ഹൈന്ദവ സംഘടനാ രംഗത്ത് ദീര്ഘകാല പരിചയ സമ്പത്തും നിലവിൽ ട്രസ്റ്റി ബോർഡ് അംഗവുമായ വനജ നായരാണ് തെരഞ്ഞെടുക്കപ്പെട്ടത്. മാതൃസഹജമായ സമീപനത്തോടെ സംഘടനക്കുള്ളിലെ നിസ്സാര തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിച്ചു മുന്നോട്ടുപോകാൻ വനജ നായർക്ക് കഴിയുമെന്ന അംഗങ്ങളുടെ വിശ്വാസം അവർ നേടിയ ചരിത്ര ഭൂരിപക്ഷം സാക്ഷ്യപ്പെടുത്തുന്നു.

വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റിംഗ് സംഘടനയുടെ തെരഞ്ഞെടുപ്പ് അധികാരകൈമാറ്റം തുടങ്ങി വിവിധ ചുമതലകൾ നിർവഹിക്കാനുള്ള ട്രസ്റ്റി ബോർഡിന്റെ സെക്രട്ടറിയായി വിജയിച്ചത് കെ.എച്ച്.എൻ.എ. യുടെ ദീർഘകാല സഹയാത്രികനും മുൻ ജനറൽ സെക്രട്ടറിയും അമേരിക്കൻ ഔഷധ നിർമ്മാണ രംഗത്തെ ഗവേഷകനും സംരംഭകനുമായ ഡോ: സുധിർ പ്രയാഗയാണ്.

BOARD OF DIRECTORS



## TRUSTEE BOARD MEMBERS



ട്രസ്റ്റി ബോർഡിലേക്കെത്തിയ മറ്റ് അംഗങ്ങൾ അരവിന്ദ് പിള്ള (ചിക്കാഗോ) രതീഷ് നായർ (മെരിലാൻഡ്) ഗോവിന്ദൻ കുട്ടി നായർ (കാലിഫോർണിയ) സതീഷ് അമ്പാടി(ഫിനിക്സ്) രഘുവരൻ നായർ (ന്യൂയോർക്ക്) സുരേഷ് നായർ (മിനിസോട്ട) ശ്രീജിത്ത് ശ്രീനിവാസൻ (ഫിനിക്സ്) മധു ചെറിയേടത്തു (ന്യൂജേഴ്സി) സനിൽ ഗോപിനാഥ് (ഡി.സി ) സത്യജിത് നായർ (ടെക്സാസ്) തങ്കം അരവിന്ദ് (ന്യൂജേഴ്സി) ബിജു പിള്ള (ടെക്സാസ്) ബാബുരാജ് ധരൻ (കാലിഫോർണിയ).

ഡയറക്റ്റ് ബോർഡിലേക്ക് വിജയിച്ചവർ: പ്രസന്നൻ പിള്ള (ചിക്കാഗോ) രമണി പിള്ള (ഹ്യൂസ്റ്റൺ) സുജിത്കുമാർ അച്യുതൻ (ഫ്ലോറിഡ) രഞ്ജിത്ത് പിള്ള (ന്യൂജേഴ്സി) സുനിൽ പൈൻഗോൾ

(ഡിട്രോയിറ്റ്) ഗോപൻ നായർ (ഫ്ലോറിഡ) രാധാകൃഷ്ണൻ നായർ (ചിക്കാഗോ) രവീന്ദ്രൻ നായർ (ഹ്യൂസ്റ്റൺ) വീണ പിള്ള (കണക്ടികട്) അനിത മധു (ടെക്സാസ്) അനഘ വാര്യർ (ഫ്ലോറിഡ) ജിഷ്ണുറാം നായർ (ഇല്ലിനോയിസ്) അരവിന്ദ് കണ്ണൻ ( ന്യൂജേഴ്സി) കല ഷാഹി (ഡി.സി) അഭിലാഷ് ജയചന്ദ്രൻ (യൂത്ത് പ്രതിനിധി - ന്യൂയോർക്ക്)

ഡോ: നിഷ പിള്ള (ന്യൂയോർക്ക്,എക്സ് ഒഫീഷ്യയോ)


സംഘടനാ തർക്കങ്ങളുടെ പരിഹാര വേദിയായ എത്തിക്സ് കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മുൻ ട്രസ്റ്റി ചെയർമാനും, സെക്രട്ടറിയും മലയാളി ദേശിയ സംഘടനകളിലെ നിറസാന്നിധ്യവുമായ സുധ കർത്താ (ഫിലാഡൽഫിയ) മുൻ ട്രഷററും വിവിധ പ്രൊഫഷണൽ സംഘങ്ങളിൽ നേതൃപദവികൾ അലങ്കരിച്ചയാളും ട്രസ്ററി മെമ്പറുമായിരുന്ന ഗോപാലൻ നായർ (ഫിനിക്സ്)

മുൻ പ്രസിഡന്റായിരുന്ന രാമദാസ് പിള്ള (കാലിഫോർണിയ) എന്നിവരും വിജയം വരിച്ചു.

ധർമ്മ പ്രചാരണ രംഗങ്ങളിലും യുവജന സമുദ്ധാരണ സംരംഭങ്ങളിലും വയോധിക സംരക്ഷണ പദ്ധതികളിലും ഇതര ഭാരതീയ സംഘടനകളുമായി കൈകോർത്തുകൊണ്ടു കെ.എച്ച്.എൻ.എ. യുടെ കർമ്മ പരിപാടികൾ പുനർക്രമീകരിക്കുക എന്നതായിരിക്കും പുതിയ ടീമിന്റെ ലക്ഷ്യമെന്ന് നിയുക്ത പ്രസിഡന്റ് ഉണ്ണികൃഷ്ണനും സെക്രട്ടറി സിനു നായരും ട്രസ്റ്റി ചെയർ പേഴ്സൺ വനജ നായരും കാലാവധി പൂർത്തിയാക്കിയ പ്രസിഡന്റ് ഡോ: നിഷ പിള്ളയിൽ നിന്നും പതാക ഏറ്റുവാങ്ങിക്കൊണ്ട് സംയുക്തമായി പ്രസ്താവിച്ചു.

## ETHICS COMMITTEE




the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere



# സാരമില്ല ഷാഫിക്ക



**സുനിൽ വല്ലാത്തറ**
**ഫ്ലോറിഡാ**

കേരളം കണ്ട ഏറ്റവും മെയ്‌വാഴക്കമുള്ള ജനകീയ രാഷ്ട്രീയ നേതാവ് അന്തരിച്ച ഉമ്മൻ ചാണ്ടി ആയിരുന്നു. പുതിയ തലമുറയിൽ വളർന്നു വരുന്ന മൂന്നു മുന്നണികളിലെയും ഉമ്മൻ ചാണ്ടിയുടെ പകുതി മെയ്‌വാഴക്കം ആർക്കെങ്കിലും കിട്ടിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഒരു സംശയവും കൂടാതെ പറയാം അതു വടകര എം പി യും കോൺഗ്രസ് നേതാവുമായ ഷാഫി പറമ്പിൽ ആണ് എന്നു നാൽപത്തി രണ്ടുകാരനായ ഷാഫി അടുത്ത പതിനഞ്ചു വർഷത്തിനുള്ളിൽ ക്ലിഫ് ഹൗസിന്റെ നാഥൻ ആകും എന്ന കാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയം പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും സംശയം ഇല്ലാത്ത കാര്യമാണ്

ഉമ്മൻ ചാണ്ടിയുടെ കളരിയിൽ രാഷ്ട്രീയ അഭ്യാസം പഠിച്ച ഷാഫി രണ്ടായിരത്തി പതിനൊന്നു മുതൽ പാലക്കാട് എം എൽ എ ആയിരുന്നെങ്കിലും കേരള രാഷ്ട്രീയത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങിയത് രണ്ടായിരത്തി പതിനാറിൽ നടന്ന നിയമസഭ തെരെഞ്ഞെടുപ്പോടുകൂടിയാണ്.

ശോഭ സുരേന്ദ്രൻ പാലക്കാട് മുപ്പത്തിആറായിരം വോട്ടു പിടിച്ചു രണ്ടായിരത്തി പതിനാറിൽ ബി ജെ പി യുടെ എ ക്ലാസ് മണ്ഡലം ആക്കിയപ്പോൾ വൻ വിജയം നേടിയ ഷാഫി ശോഭയോടൊപ്പം കേരള രാഷ്ട്രീയത്തിൽ അറിയപ്പെടുന്ന കോൺഗ്രസ് നേതാവായി.

രണ്ടായിരത്തി ഇരുപത്തി ഒന്നിൽ ബി ജെ പി വിജയിച്ചേ അടങ്ങൂ എന്ന വാശിയിൽ ഇന്ത്യയിലെ തന്നെ ഏറ്റവും പ്രതിച്ഛയാ ഉള്ള ഉദ്യോഗസ്ഥൻ മെട്രോമൻ ഇ ശ്രീധരനെ കളത്തിൽ ഇറക്കിയപ്പോൾ വോട്ടെന്നലിൽ ആദ്യ

**ചെറിയ ഊശം താടിയും വച്ചു ജൂബയും ധരിച്ചു നടന്ന രാഹുലിന്റെ ഉള്ളിലെ ധൗർബാല്യങ്ങൾ തിരിച്ചറിയുവാൻ ഷാഫിക് ആയില്ലെങ്കിലും ഇതിന്റെ പേരിൽ ഇപ്പോൾ ഷാഫിക്കെതിരെ സി പി എം നടത്തുന്ന വേട്ട വളരെ ബുദ്ധിപരമായി ആണ് ഷാഫി കൈകാര്യം ചെയ്യുന്നത്.**

റൗണ്ട്കളിൽ പിന്നിൽ നിന്ന ഷാഫി അവസാന റൗണ്ടിൽ ലീഡു വർധിപ്പിച്ചു മെട്രോമാനെ മൂവായിരത്തിൽ അധികം വോട്ടിനു മലർത്തി അടിച്ചു വീണ്ടും മൂന്നാം പ്രാവശ്യവും പാലക്കാടിന്റെ എം എൽ എ ആയി ചരിത്രം കുറിച്ചു.

കഴിഞ്ഞ വർഷം നടന്ന ലോകസഭ തെരഞ്ഞെടുപ്പിൽ സി പി എം കൈവിട്ടു പോയ വടകര പിടിച്ചെടുത്തെ മതിയാകൂ എന്ന വാശിയിൽ അവരുടെ ഏറ്റവും വലിയ തുറുപ്പു ചീട്ടു കെ കെ ഷൈലജ ടീച്ചറെ സ്ഥാനാർത്ഥിയാക്കിയപ്പോൾ വടകര വിട്ടുകൊടുക്കാൻ തയ്യാറാകാതെ രാഹുൽ ഗാന്ധി നേരിട്ട് വിളിച്ചു പറഞ്ഞാണ് ഷാഫി പാലക്കാട് നിന്നും വടകരയിൽ മത്സരിക്കാൻ വണ്ടി കയറിയത്.



രാഹുൽ ഗാന്ധിയുടെ തീരുമാനം അക്ഷരർത്ഥത്തിൽ ശരി വയ്ക്കുന്നതായിരുന്നു ഷാഫിയുടെ വടകരയിലെ പ്രകടനം.

സി പി എം ന്റെ സ്റ്റാർ കാൻഡിഡേറ്റ് ടീച്ചറെ ഒരു ലക്ഷത്തിൽ അധികം വോട്ടിനു കശക്കി എറിഞ്ഞാണ് ഷാഫി കടത്താനാടിന്റെ രാജകുമാരൻ ആയതും ഒപ്പം കേരളത്തിലെ കോൺഗ്രസിന്റെ അനിഷേധ്യ നേതാവ് ആയതും.

ഷാഫി യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ആയിരുന്ന കാലം മുതൽ ഷാഫിക്ക ഷാഫിക്ക എന്നു വിളിച്ചു അടുത്തു കൂടിയ രാഹുൽ മാൻകൂട്ടത്തിൽ നെ കണ്ണും പൂട്ടി വിശ്വസിച്ചു സ്വന്തം അനുജനെ പോലെ നോക്കിയിരുന്ന ഷാഫി താൻ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് പദം ഒഴിഞ്ഞ ശേഷം തന്റെ പിൻഗാമി ആക്കുവാൻ കഠിന പ്രയത്നം ചെയ്തു.

താൻ വടകര എം പി ആയപ്പോൾ ഒഴിവു വന്ന പാലക്കാട് സീറ്റിൽ മറ്റു പല സ്ഥാനാർഥികൾക്കുമായും വലിയ സമ്മർദ്ദം ഉണ്ടായിട്ടും ഉമ്മൻ ചാണ്ടിയെ പോലെ വിശ്വസിക്കുന്നവനെ സംരക്ഷിക്കുന്ന സ്വഭാവം ഉള്ളത് കൊണ്ടു രാഹുലിനെ തന്നെ അവിടെ സ്ഥാനാർഥി ആക്കിയെന്നു മാത്രം അല്ല ഒരു മാസം എങ്ങും പോകാതെ പാലക്കാട് തമ്പടിച്ചു രാഹുലിനെ വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ചെടുത്ത ശേഷം മാത്രം ആണ് വിശ്രമിച്ചത്.

ചെറിയ ഊശം താടിയും വച്ചു ജൂബയും ധരിച്ചു നടന്ന രാഹുലിന്റെ ഉള്ളിലെ ധൗർബാല്യങ്ങൾ തിരിച്ചറിയുവാൻ ഷാഫിക് ആയില്ലെങ്കിലും ഇതിന്റെ പേരിൽ ഇപ്പോൾ ഷാഫിക്കെതിരെ സി പി എം നടത്തുന്ന വേട്ട വളരെ ബുദ്ധിപരമായി ആണ് ഷാഫി കൈകാര്യം ചെയ്യുന്നത്.

കഴിഞ്ഞ ദിവസം വടകരയിൽ വച്ചു പോലീസ് ന്റെ സാന്നിധ്യത്തിൽ സി പി എം പ്രവർത്തകർ ഷാഫിയെ തടഞ്ഞപ്പോൾ കാർ ഓടിച്ചു സുരക്ഷിതമായി അവിടെ നിന്നും പോകുന്നതിനു പകരം വണ്ടിയിൽ നിന്നും പുറത്തിറങ്ങി ചാനലുകാരോട് സമരക്കാർ തന്നെ തെറി വിളിക്കുകയാണെന്നു പറഞ്ഞത് ലോകം മുഴുവൻ കണ്ട് കൊണ്ടിരിക്കുകയായിരുന്നു.

രണ്ടായിരത്തി പതിനൊന്നു മുതൽ പതിനാറു വരെ അഞ്ചു വർഷം രണ്ടു എം എൽ എ മാരുടെ മാത്രം ഭൂരിപക്ഷത്തിൽ കേരളത്തിലെ സമുദായിക സമവാക്യങ്ങളിൽ ഒരു മാറ്റവും വരുത്താതെ കേരളം ഭരിച്ച ഉമ്മൻ ചാണ്ടിയുടെ അരുമ ശിഷ്യൻ ഷാഫി ഇനി കാണിക്കുവാൻ പോകുന്നത് അത്ഭുതങ്ങൾ ആയിരിക്കും


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# എങ്കിലും എന്റെ രാഹുലേ!



രാജു മൈലപ്രാ

നല്ല ശാന്തമായ അന്തരീക്ഷം. ഓണത്തിന് ഇനി ഏതാനും ദിവസങ്ങൾകൂടി മാത്രം. ഓണപ്പൂക്കൾ വിരിഞ്ഞു തുടങ്ങി- ഓണത്തുമ്പികൾ അതിൽ നിന്നും തേൻ നുകരുന്നു. ഉച്ചച്ചൂടിനു ഒരു കുളിർമ പകർന്നു കൊണ്ട് മന്ദമാരുതൻ വീശുന്നുണ്ട്.

പെട്ടെന്ന് അന്തരീക്ഷം മാറി. നൊടിയിടയ്ക്കുള്ളിൽ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. മേഘവിസ്ഫോടനം!

ജനത്തെ ഒന്നാകെ അമ്പരപ്പിച്ചു കൊണ്ട് ആകാശത്തുനിന്നും ഈസ്റ്റുമാൻ കളറിലുള്ള ഒരു ഇളിച്ച എം.എം. ചിരിയുമായി, ഒരു സ്വയം പ്രഖ്യാപിത താരസുന്ദരി ലാൻഡു ചെയ്യുന്നു.

'മാന്യ മഹാജനങ്ങളേ! നമ്മുടെ ഇടയിൽ ഒരു പീഢന വീരൻ ഉണ്ട്. എന്റെ നല്ല ഒരു സുഹൃത്താണ്. എന്നെ നേരിട്ട് പീഡിപ്പിച്ചിട്ടില്ല. ചാറ്റിംഗിലൂടെ എന്നെ ചീറ്റു ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്.'

ഇത്ര മനോഹരമായി വസ്ത്രധാരണം ചെയ്ത്, സന്തോഷത്തോടെ, ആത്മനിർവൃതിയോടെ ഒരു പീഡന കഥ 'ഇര' വിവരിക്കുന്നത് മലയാളി മക്കൾ ആദ്യമായി കാണുകയാണ്.

'ആരാണ് ആ വൃത്തികെട്ടവൻ'

'പേര് ഞാൻ പറയില്ല. കോൺഗ്രസ് പാർട്ടിയുടെ ഒരു യുവ നേതാവാണ്. ഇപ്പോൾ എം.എൽ.എ യാണ്. ഒരു ക്ലൂ തരാം. മാവില്ല, എന്നാൽ മാങ്കൂട്ടത്തിലുണ്ട്'

'ആരോടും ഇതുവരെ പരാതിപ്പെട്ടില്ലേ'

' ഞാൻ എന്റെ സ്വന്തം ഡാഡിയേക്കാൾ സ്നേഹിക്കുന്ന, ആരാധിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ ഒരു നേതാവിനോട് മാത്രം പറഞ്ഞിട്ടുണ്ട്. പേരു ഞാൻ പറയില്ല. ഒരു ക്ലൂ തരാം. എന്റെ കഴിഞ്ഞ ബെർത്ത് ഡേയ്ക്ക് കേക്ക് മുറിച്ച്, എന്റെ വായിൽ തരുന്ന ഫോട്ടോ കാണിക്കാം'

താരസുന്ദരിയുടെ മുഖത്തെ സന്തോഷം ഇരട്ടിക്കുകയാണ്. തന്റെ ഫോണിൽ നിന്നും ആ ഫോട്ടോ പത്രക്കാരെ കാണിക്കുന്നു.

അമ്പടാ വീരാ രാഹുലേ! നീ ആളു കൊള്ളാമല്ലോ! എന്നാലും ഇത്രയധികം യുവതികളെ, എങ്ങനെ സാധിക്കുന്നടേ ഇതെല്ലാം? അല്ലെങ്കിലും പയ്യൻസിന് ഈയിടെയായി തലക്കനം അൽപം കൂടുതലായിരുന്നു. താനൊരു വലിയ സംഭവമാണെന്ന ഭാവം. ഇവനെയിങ്ങനെ കയറൂരിവിട്ടാൽ, അവസാനം അതു തങ്ങൾക്ക് തന്നെ പാരയാകുമെന്ന് ചില നേതാക്കന്മാർ



ക്കൊരു ശങ്ക!

എക്കാലവും കോൺഗ്രസ് പാർട്ടിയുടെ ശത്രുക്കൾ കോൺഗ്രസുകാർ തന്നെയാണല്ലോ!

അടുത്ത തിരഞ്ഞെടുപ്പോടുകൂടി അധികാരം തങ്ങളുടെ കൈകളിലെത്തുമെന്ന് അവർ കണക്കുകൂട്ടുന്നു. നേതാക്കന്മാർക്കും മുഖ്യമന്ത്രി പദത്തിൽ കുറഞ്ഞൊരു സ്ഥാനം വേണ്ട. അവർ ഒളിഞ്ഞും തെളിഞ്ഞും ഓരോരുത്തരെയായി ഒതുക്കുവാനുള്ള നീക്കം തുടങ്ങി.

കോൺഗ്രസിന്റെ കരുത്തുറ്റ പ്രസിഡന്റ് സുധാകരനെ പല കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കി, ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത ഒരുത്തനെ പിടിച്ച് പകരക്കാരനാക്കി. ഇങ്ങേരുടെ പ്രസംഗം കേട്ടാൽ അണികളുടെ ഉള്ള ആവേശം കൂടി ഉറഞ്ഞു പോകും.

താൻ മകളെപ്പോലെ സ്നേഹിക്കുന്ന ഒരു അരുമപ്പൈതലിനെ പീഡിപ്പിക്കുവാൻ ശ്രമിച്ചവനെ ഒരു കാരണവശാലും പാർട്ടിയിൽ വച്ചുപൊറുപ്പിക്കില്ല എന്ന ഒരു കഠിന തീരുമാനമെടുത്തു. ഒരു അന്വേഷണവും കൂടാതെ അയാളെ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് പദവിയിൽ നിന്നും നീക്കിയതു കൂടാതെ, കോൺഗ്രസിന്റെ പ്രാഥമിക അംഗത്വവും സസ്പെൻഡ് ചെയ്തു.

കോൺഗ്രസിലെ മുതിർന്ന വനിതാ നേതാക്കന്മാർ ഒറ്റക്കെട്ടായി, ഒരു ദിവസം കൊണ്ട് രാഹുൽ മോന് എതിരായി. 'ഞങ്ങളിവിടെ പുര നിറഞ്ഞു നിന്നിട്ടും, നീ ഞങ്ങളെയൊന്ന് പീഡിപ്പിച്ചില്ലല്ലോ?' എന്നാണ് അവരുടെ പുഞ്ചിരി നിറഞ്ഞ പരിഭവ മുഖഭാവം- കൂട്ടത്തിൽ ആലപ്പുഴക്കാരൻ നേതാവിന്റെ ഭാര്യയുടെ ഒരു പോസ്റ്റും വന്നു.

'സ്ത്രീകൾ ഭയന്ന് ഇയാളെപ്പറ്റി ചർച്ച ചെയ്യുകയാണ്. മിണ്ടാതിരിക്കുവാൻ ആവുന്നില്ല'

വീട്ടിലിരിക്കുന്ന സോളാർ സാരിയുടെ കാര്യം ചേച്ചി സൗകര്യപൂർവ്വം മറന്നു പോയെന്ന് തോന്നുന്നു.

ബഹുമാനപ്പെട്ട പി.ജെ. കുര്യൻ സാറും പയ്യനത്ര മെച്ചമല്ലായെന്ന് കാച്ചി. ഈയിടെയായി കുറച്ച് മറവിയുള്ള അദ്ദേഹം സൂര്യനെല്ലി സംഭവം ഓർക്കുന്നില്ലെന്ന് തോന്നുന്നു.

ഇതുകൊണ്ടൊന്നും അരിശം തീരാതെ സതീശൻ സാർ വീണ്ടുമൊരു പത്രസമ്മേളനം നടത്തി. അദ്ദേഹത്തിന്റെ ആക്ഷനും , വിരലുചൂണ്ടിയുള്ള വെല്ലുവിളിയുമൊക്കെ കണ്ടപ്പോൾ, അങ്ങേര് സുരേഷ് ഗോപിക്ക് പഠിക്കുകയാണെന്ന് തോന്നി. തന്റെ കൈയ്യിലൊരു ബോംബുണ്ടെന്നും, അതു ഉടനെ പൊട്ടിക്കുമെന്നും, ബി.ജെ.പിക്കാരും, കമ്യൂണിസ്റ്റു പാർട്ടിയും ഒന്നു കരുതിയിരുന്നോളാനും അദ്ദേഹമൊരു മുന്നറിയിപ്പ് നൽകി. ഓരോ വാചകം കഴിയുമ്പോഴും ചിരിക്കുന്ന ഒരു മുഖഭാവമാണ് അദ്ദേഹത്തിന്.

ബോംബ് പൊട്ടിക്കുമെന്ന് കേട്ടപ്പോൾ, ഊരിപ്പിടിച്ച വാളുകളുടേയും, നിവർത്തിപ്പിടിച്ച കത്തികളുടേയും ഇടയിൽക്കൂടി ഒറ്റക്കു നടന്നുപോയ ചരിത്രമുള്ള 'ഇരട്ട ചങ്കൻ' ഒന്നു ഊറിച്ചിരിച്ചതേയുള്ളൂ. ആ ചിരിയിൽ എന്തെല്ലാമോ അടങ്ങിയിരിക്കുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഒടുവിൽ കിട്ടയത്: ഒരു ഇല്ലാത്ത ഗർഭത്തിന്റെ ഉറവിടം തേടി, 'പരാതിക്കാർ ആരെങ്കിലുമുണ്ടോ, പരാതിക്കാർ ആരെങ്കിലുമുണ്ടോ?' എന്നു ചോദിച്ചുകൊണ്ട് പോലീസ് രംഗത്തിറങ്ങിയിരിക്കുകയാണ്.

ഒരു പരാതിക്കാരിയെ വേഷം കെട്ടി അവതരിപ്പിക്കുവാൻ നമ്മുടെ പോലീസിന് അധികം സമയമൊന്നും വേണ്ടാ. ഒരു റിഹേഴ്സലൊക്കെ നടത്തി വേദിയിലെത്തിക്കുവാൻ ഏതാനും ദിവസം വേണം.

സതീശൻ സാറിന്റെ കൈയിൽ ബോംബ് പോയിട്ട്, ഒരു ഓലപ്പടക്കം പോലുമില്ല. താരസുന്ദരി പാൽപ്പായസവും കുടിച്ച്, ഓണച്ചന്തയിലൂടെ ഓടി നടക്കുന്നു!

(കഥ ഇവിടെ തീരുന്നില്ല....തുടരും)

*മുന്നറിയിപ്പ്: കേരളത്തിലെ ചില രാഷ്ട്രീയ നേതാക്കന്മാർ ഈയിടെയായി, കൂടെക്കൂടെ അമേരിക്കയിൽ കറങ്ങി നടപ്പുണ്ട്. എല്ലാവരും ഒന്നു സൂക്ഷിക്കുന്നത് നല്ലതാണ്.*

# പയനിയർ ക്ലബിന്റെ ഓണാഘോഷം ഹൃദ്യമായി;

## രാജ്മോഹൻ ഉണ്ണിത്താൻ എം.പി. മുഖ്യാതിഥി




ന്യു യോർക്ക്: പയനിയർ ക്ലബ്ബ് ഓഫ് കേരളൈറ്റ്സ് ഇൻ നോർത്ത് അമേരിക്കയുടെ ഓണാഘോഷം ഹൃദ്യമായ പരിപാടികളോടെ കേരള കിച്ചണി നടത്തി. രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ആയിരുന്നു മുഖ്യാതിഥി.

ഓഗസ്റ്റ് 27 നു രജിസ്ട്രേഷൻ, കാപ്പി, ലഘുഭക്ഷണം എന്നിവയ്ക്ക് ശേഷം 11 മണിക്ക് ഓണം പരിപാടി ആരംഭിച്ചു. ഉഷ ജോർജ്, മേരി ഫിലിപ്പ്, മാത്യു കുമ്പംപാടം എന്നിവരുടെ നേതൃത്വത്തിൽ അംഗങ്ങൾ പൂക്കളം, നിലവിളക്ക്, താലപ്പൊലി തുടങ്ങിയവ ഒരുക്കിയിരുന്നു.

സെക്രട്ടറിയും എംസിയുമായ രാജു എബ്രഹാമിന്റെ ആമുഖ പ്രസംഗത്തിനു ശേഷം നിശബ്ദ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. തുടർന്ന് അമേരിക്കൻ, ഇന്ത്യൻ ദേശീയ ഗാനങ്ങൾ ആലപിച്ചു.

വൈസ് പ്രസിഡന്റ് തോമസ് തോമസ് പാലത്ര, വിശിഷ്ട വ്യക്തികളെയും എല്ലാ അംഗങ്ങളെയും അതിഥികളെയും ഔദ്യോഗികമായി സ്വാഗതം ചെയ്തു. അധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് ജോണി സക്കറിയ ക്ലബ്ബിന്റെ എല്ലാ മുൻകാല നേതാക്കൾക്കും നന്ദി പറഞ്ഞു. അംഗങ്ങൾക്കായി നടത്തുന്ന വിവിധ പരിപാടികളും അദ്ദേഹം വിശദീകരിച്ചു.

ഫ്ലഷിംഗ് സേവിംഗ്സ് ബാങ്കി





ലെ ബിസിനസ് സ്പെഷ്യലിസ്റ്റ് മരിയ സിൽവ പങ്കെടുത്ത എല്ലാവർക്കും ഓണാശംസകൾ നേർന്നു. ബാങ്കിൽ നിന്നുള്ള സൗജന്യ സമ്മാനങ്ങളും അവർ വിതരണം ചെയ്തു.

മുഖ്യാതിഥികളിൽ ഒരാളായ ബ്ലൂ ഓഷ്യൻ വെൽത്ത് സൊല്യൂഷൻസിന്റെ സാമ്പത്തിക ഉപദേഷ്ടാവും ECHO പ്രോഗ്രാം ഡയറക്ടറുമായ സാബു ലൂക്കോസ് എംബിഎ അർത്ഥവത്തായ ഓണ സന്ദേശം നൽകുകയും വൈകാരികത ഉണർത്തിയ ഒരു കവിത ചൊല്ലുകയും ചെയ്തു.

പ്രശസ്ത കവയിത്രിയും എഴുത്തുകാരിയുമായ എൽസി യോഹന്നാൻ ശങ്കരത്തിൽ കൊച്ചമ്മ എഴുതിയ ഹൃദയസ്പർശിയായ ഒരു കവിത ചൊല്ലി, എല്ലാവർക്കും ഓണാശംസകൾ നേർന്നു.

ക്ലബിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും നിയമ ഉപദേഷ്ടാവുമായ അഭിഭാഷകൻ വിനോദ് കെയാർകെ അവിസ്മരണീയവും പ്രചോദനാത്മകവുമായ ഓണ സന്ദേശം നൽകുകയും ഓണാശംസകൾ നേരുകയും ചെയ്തു.

കാസർഗോഡ് എംപി രാജ്മോഹൻ ഉണ്ണിത്താനെയും ഭാര്യ സുധാകുമാരിയേയും താലപ്പൊലിയും ചെണ്ടമേളവും സഹിതം വരവേറ്റു. രാജ്മോഹൻ ഉണ്ണിത്താൻ നൽകിയ ഹൃദയംഗമമായ ഓണ സന്ദേശം മഹാബലി രാജാവിന്റെ ഇതിഹാസത്തിലൂടെയും, വിളവെടുപ്പ് കാലത്തിന്റെ പ്രാധാന്യത്തിലൂടെയും, ഉത്സവ പാരമ്പര്യങ്ങളിലൂടെയും, ഒരുമയുടെയും, കാരുണ്യത്തിന്റെയും, ഐക്യത്തിന്റെയും പ്രാധാന്യത്തിലൂടെയും ഓണത്തിന്റെ വ്യത്യസ്തമായ അർത്ഥതലങ്ങൾ വ്യക്തമാക്കുന്നതായിരുന്നു. പയനിയർ ക്ലബ്ബിന്റെ മുൻ പ്രസിഡന്റും ഐഒസി വൈസ് ചെയർമാനുമായ ജോർജ്ജ് എബ്രഹാം, എംപിയെ പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു.

പ്രസിഡന്റ് ജോണി സക്കറിയ രാജ്മോഹൻ ഉണ്ണിത്താനും സുധാകുമാരിക്കും നന്ദി പറഞ്ഞു. ഓണാഘോഷ പരിപാടികളിലേക്ക് അവരെ കൊണ്ടുവന്നതിന് ഐഒസി നേതാവും സാമൂഹിക പ്രവർത്തകയുമായ ലീല മാരേട്ടിനോട് നന്ദി അറിയിച്ചു.

ഉഷ ജോർജും മേരി ഫിലിപ്പും നയിച്ച സംഗീത സംഘം ശ്രുതിമധുരമായ ഓണപ്പാട്ടുകൾ പാടി .

കേരള സെനറ്റർ പ്രസിഡന്റ് അലക്സ് എസ്തപ്പൻ, മുൻ ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്,

ഫ്ലോറൽ പാർക്ക് ബെൽ റോസ് ഇന്ത്യൻ മർച്ചന്റ് അസോസിയേഷൻ ചെയർ ഡിൻസിൽ ജോർജ്,



നോവലിസ്റ്റും തിരക്കഥാകൃത്തും സംവിധായകനുമായ ബാബു പറാക്കൽ, സംരംഭകനും ഫോമ-കെ.സി.സി.എൻ.എ മുൻ പ്രസിഡന്റുമായ ബേബി ഊരാളിൽ, വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ചെയർമാൻ ചാക്കോ കോയിക്കലേത്ത്, ഐനാനിയുടെ മുൻ പ്രസിഡണ്ടും മൊളോയ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. അന്ന ജോർജ് എന്നിവർ ആശംസകൾ നേർന്നു.



ക്ലബ്ബിന്റെ ജോയിന്റ് സെക്രട്ടറി ലോണ എബ്രഹാം ഏവർക്കും നന്ദി പറഞ്ഞു. വിശിഷ്ടാതിഥികൾക്കു പുറമെ ദി ടേസ്റ്റ് ഓഫ് കേരള കിച്ചൺ ഉടമ വിൽസൺ, ജീവനക്കാർ, ഷോൺ (ഓഡിയോ, വീഡിയോ), ജോസഫ് കുമ്പനാട് (ഫോട്ടോസ്), ഗായക സംഘം, എന്നിവർക്കും പ്രത്യേക നന്ദി അറിയിച്ചു.

എല്ലാവരും ഓണസദ്യ ആസ്വദിച്ചു, ആഘോഷങ്ങൾ ഉച്ചയ്ക്ക് 2 മണിയോടെ മധുരമുള്ള ഓർമ്മകളോടെ അവസാനിച്ചു.




emalayalee.com




PIONEER CLUB O
IN NORTH


IN NORTH AMERIC




PIONEER CLUB OF KERAL


PIONEER CLUB OF KERAL
IN NORTH AME















Restrooms


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
PARAMOUNT
Kaloor
INFINITY
Near Devamatha School
PRIMA
Mundur
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
divinity
Sreevaraham
MERIDIAN
Ayyanthole
UPTOWN
Patturaikkal
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ഫോമാ ഫാമിലി കൺവൻഷൻ 'കിക്ക് ഓഫിൽ' 2.5 ലക്ഷം ഡോളർ സമാഹരിച്ചു: ബേബി മണക്കുന്നേൽ







**എ.എസ് ശ്രീകുമാർ**
**ഫോമാ ന്യൂസ് ടീം**

ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ ആതിഥേയത്വം വഹിച്ച 2026 ഫാമിലി കൺവൻഷൻ 'കിക്ക് ഓഫിൽ' സ്പോൺസർഷിപ്പും റഗുലർ രജിസ്ട്രേഷനുമായി രണ്ടര ലക്ഷം ഡോളർ സമാഹരിച്ചുവെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഹൂസ്റ്റണിലെ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ 'വിൻഡം



ഹൂസ്റ്റൺ' ഹോട്ടലിൽ 2026 ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ സംഘടനയുടെ ജൻമനാട്ടിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള പ്രവർത്തനങ്ങളുമായി എല്ലാവരും സജീവമായിരിക്കുന്നുവെന്നും ഫാമിലി കൺവൻഷന്റെ വിജയത്തിനായി വിവിധ റീജിയനുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ കമ്മറ്റികൾ ഉടൻ തന്നെ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.




എൽമോണ്ടിലെ സെന്റ് വിൻസെന്റ് ഡി പോൾ ഓഡിറ്റോറിയിത്തിൽ നടന്ന കിക്ക് ഓഫ് കടുത്തുരുത്തി എം.എൽ.എ.യും മുൻ മന്ത്രിയുമായ മോൻസ് ജോസഫാണ് നിർവഹിച്ചത്. രജിസ്ട്രേഷന്റെ വെബ് സൈറ്റും മോൻസ് ജോസഫ് സ്വിച്ച് ഓൺ ചെയ്തു. ''ഫോമായുടെ പരിപാടിയിൽ പങ്കെടുക്കുക എന്നത് എക്കാലവും സന്തോഷകരമായ അനുഭവമാണ്. ഫോമാ നേതാക്കളുമായെല്ലാം മികച്ച ബന്ധമാണ് താൻ തുടരുന്നത്. ഏറ്റവും ശ്രദ്ധേയമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമായി ഫോമ വളർന്ന് മുന്നോട്ടു പോകുന്നു എന്നത് ആരും അംഗീകരിക്കുന്ന ഒരു സത്യമാണ്. കഠിനാദ്ധ്വാനം കൊണ്ടും സഹകരണം കൊണ്ടും ഒന്നിച്ചു പോകാൻ കഴിയുന്നതുകൊണ്ടാണ് ഇത് സാധിക്കുന്നത്...'' മോൻസ് ജോസഫ് പറഞ്ഞു.

പാലായുടെ എം.എൽ.എ. മാണി സി കാപ്പൻ മുഖ്യ പ്രഭാഷണം നടത്തിയ സമ്മേളനത്തിൽ വിവിധ സ്പേൺസർമാർ രജിസ്ട്രേഷൻ ഫോം പ്രസിഡന്റിനെ ഏൽപ്പിക്കുകയും ചെയ്തു. നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലാവധി കഴിയുന്നതിന് മുമ്പ് ഫോമാ അംഗസംഘടനകളുടെ എണ്ണം നൂറിന് മുകളിലേക്ക് പോകുമെന്ന തിരഞ്ഞെടുപ്പ് വാഗ്ദാനം സഫലമായിക്കൊണ്ടിരിക്കുകയാണെന്ന് സെക്രട്ടറി ബൈജു വർഗീസ് പറഞ്ഞു.

ഫോമാ കൺവൻഷനിൽ ഏവർക്കും പങ്കെടുക്കാൻ അവസരമൊരുക്കുന്ന നിരക്കാണ് നിശ്ചയിച്ചിട്ടുള്ളതെ



ന്ന് ട്രഷറർ സിജിൽ പാലക്കലോടി വ്യക്തമാക്കി. ഡബിൾ ഒക്യുപൻസി-1250 ഡോളർ, സിംഗിൾ ഓക്യുപൻസി-750 ഡോളർ. ഫുഡും അക്കോമഡേഷനും എല്ലാം ചേർത്തു കൊണ്ടാണ് തുക നിശ്ചയിച്ചിരിക്കുന്നത്. മെഗാസ്സ്പോൺസർഷിപ്പ് 25000 ഡോളറാണ്. 15000 ഡോളറിന്റേതാണ് ഗോൾഡൻ സ്പോൺസർഷിപ്പ് പ്ലാറ്റിനം സ്പോൺസർ 10000 ഡോളറാണ്. സ്പോൺസർഷിപ്പിന് കൂടുതൽ പേര് മുന്നോട്ടു വരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഫോമായുടെ മുൻ പ്രസിഡന്റുമാരായ ശശിധരൻ നായർ, ബേബി ഊരാളിൽ, ഡോ. ജേക്കബ് തോമസ് എന്നിവരെ മോൻസ് ജോസഫ് പൊന്നാട അണിയിച്ച് ആദരിച്ചു. ഫോമ കായികരംഗത്തും പ്രോത്സാഹനം കൊടുക്കുന്നു എന്നതിന്റെ തെളിവാണ് ന്യൂയോർക്ക് മെട്രോ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ എൻ.കെ ലൂക്കോസ് മെമ്മോറിയൽ വോളി ബോൾ ടൂർണമെന്റ്. അമേരിക്കയിൽ നിന്നും കാനഡയിൽനിന്നുമായി 24 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിലെ വിജയികൾക്ക് ഫോമാ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിൽ വച്ചാണ് ട്രോഫിയും സമ്മാനങ്ങളും വിതരണം ചെയ്തത്.

ആവേശകരമായ കിക്ക് ഓഫ് ചടങ്ങിൽ ഫോമാ നാഷണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, റീജിയണൽ വൈസ് പ്രസിഡന്റുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, വിമൻസ് ഫോറം പ്രതിനിധികൾ, യൂത്ത് ഫോറം ഭാരവാഹികൾ, എക്സ് ഒഫിഷ്യോ തുടങ്ങിയവർ പങ്കെടുത്തു. ജുഡീഷ്യൽ കൗൺസിൽ, അഡ്വൈസറി ബോർഡ്, കംപ്ലെയ്ൻസ് കൗൺസിൽ ഭാരവാഹികൾ, വിവിധ സബ് കമ്മിറ്റി അംഗങ്ങൾ, അംഗസംഘടനകളുടെ പ്രതിനിധികൾ, റീജിയണൽ കമ്മിറ്റി മെമ്പേഴ്സ്, വിവിധ സാമൂഹിക-സാംസ്കാരിക-സാമുദായിക വ്യക്തിത്വങ്ങളുടെ സാന്നിധ്യവുമുണ്ടായിരുന്നു.

ഫാമിലി കൺവൻഷന് മുന്നോടിയായി ഫോമായുടെ കേരള കൺവൻഷന്റെ ഒരുക്കങ്ങൾ നടന്നുവരികയാണ്. 2026 ജനുവരി 9-ാം തീയതി ഫോമാ കേരള കൺവൻഷന് തിരിതെളിയുക. രണ്ടാം ദിവസമായ ജനുവരി 10-ാം തീയതി ശനിയാഴ്ച വേമ്പനാട്ട് കായലിലൂടെയുള്ള ആവേശകരമായ ബോട്ട് ക്രൂയിസാണ്. 11-ാം തീയതി എറണാകുളം ഗോകുലം പാർക്കിൽ വച്ച് ബിസിനസ് മീറ്റും നടത്തും.



# Blue Ocean Wealth Solutions

A member of the MassMutual Financial Group

Celebrating 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

### Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

### Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

### Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

### Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# സ്റ്റാറ്റൻ ഐലൻഡ് മലയാളീ സീനിയർസിന്റെ ഓണാഘോഷം ഹൃദ്യമായി




**ബിനോയ് ചെത്തിക്കോട്ട്**

ന്യൂ യോർക്ക്: വയോധികരെങ്കിലും മനസ്സിൽ യവ്വനം തുടിക്കുന്ന സ്റ്റാറ്റൻ ഐലൻഡിലെ ഒരുകൂട്ടം മലയാളികളുടെ സംഘടനയായ സ്റ്റാറ്റൻ ഐലൻഡ് മലയാളീ സീനിയർസിന്റെ ഈവർഷത്തെ ഓണാഘോഷം വ്യാഴാഴ്ച ഇവിടത്തെ ഹൈന്ദവ ക്ഷേത്ര ഓഡിറ്റോറിയത്തിൽ ആഘോഷിച്ചു.

ഈ ഓണാഘോഷത്തോടൊപ്പം വിൽ ആൻഡ് ട്രസ്ടിനെപ്പറ്റിയൊരു സെമിനാർ ക്രമീകരിച്ചത് ട്രെഷറർ ജോസഫ് ജേക്കബ് ആയിരുന്നു. ഏഞ്ചല ആർ. ജിയമാരോ (Angela R Giammaro) എന്ന നിയമ സ്ഥാപനമാണ് അതിനുവേണ്ടി തിരഞ്ഞെടുത്തത്. സെമിനാർ വലിയ വിജയമായിരുന്നു. പല അംഗങ്ങളും ലോഫേമുമായി വീണ്ടും ബന്ധപ്പെടാൻ ആഗ്രഹം പ്രകടിപ്പിച്ചു.

സെമിനാറിനെ തുടർന്ന് വിഭവ സമൃദ്ധമായ ഓണസദ്യ അംഗങ്ങൾ തന്നെ ഒരുക്കി. രാജു ജോസഫ് പ്രാലേലിന്റെ സംഗീത സദ്യ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. പദ്യപാരായണം ഫലിതം മുതലായവ ആഘോഷത്തെ ഹൃദ്യമാക്കി. രാവിലെ ഏതാണ്ട് പതിനൊന്നു മണിയോടുകൂടിയാരംഭിച്ച ആഘോഷങ്ങൾ ഉച്ചകഴിഞ്ഞു മൂന്നു മണിയോടെ സമാപിച്ചു.

സിംസ് അഥവാ സ്റ്റാറ്റൻ ഐലൻഡ് മലയാളീ സീനിയർസ് എന്ന സംഘടന രൂപംകൊണ്ടത് 2023 ജൂലൈ ഒന്നാം തീയതിയാണ്. തോമസ് തോമസ് പാലത്രയുടെ വസതിയിലായിരുന്നു അതിന്റെ തുടക്കം. ഏതാണ്ട് ഒരു മാസത്തിനു ശേഷം മാത്യു ഇടിക്കുളയുടെ വീട്ടിൽ വച്ച് വിജയകരമായ രണ്ടാമത്തെ കൂട്ടായ്മ നടന്നു. 2023 ലെ ഓണാഘോഷം വീണ്ടും തോമസ് തോമസിന്റെ

വീട്ടിൽ വച്ച് നടന്നു. ഈ മീറ്റിങ്ങുകളിലെല്ലാം സമൂഹത്തിനു വിലപ്പെട്ട സംഭാവനകൾ നൽകിയവരെ ആദരിക്കുകയുമുണ്ടായി.

എസ് എസ് പ്രകാശിന്റെ വീട്ടിൽ വച്ചായിരുന്നു അടുത്ത കൂട്ടായ്മ. ഈ അവസരങ്ങളിലെല്ലാം പഴയ ഓർമ്മകൾ അയവിറക്കുകയും കൂട്ടുകെട്ടുകൾ പുതുക്കുകയും പുതിയ സൗഹൃദങ്ങൾ സംജാതമാകുകയും ചെയ്തു.

ഡോക്ടർ രാമചന്ദ്രൻ നായരുടെയും അദ്ദേഹത്തിന്റെ ഭാര്യ ഓമന രാമചന്ദ്രൻനായരുടെയും സഹായത്താലാണ് സിംസിനൊരു വേദി കണ്ടെത്താൻ സാധ്യമായത്. അവരുടെ പരിശ്രമത്താലാണ് ഹൈന്ദവ ക്ഷേത്രത്തിന്റെ ആഡിറ്റോറിയം തരപ്പെടുന്നത്. സംഘടനക്കൊരു ഭരണഘടനയുണ്ടാക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും ഐ ആർ എസ് സെർറ്റിഫിക്കേഷൻകിട്ടുന്നതിനും വേണ്ടി തോമസ് തോമസ് പാലത്ര ചെയ്ത സേവനങ്ങൾ ശ്ലാഘനീയം തന്നെ.

നീണ്ട ഇടവേളക്കുശേഷം 2024 ഓഗസ്റ്റ് മൂന്നിനാണ് അടുത്ത സൗഹൃദസംഗമം. സിംസിന്റെ ഔദ്യോഗികമായ ഉത്ഘാടനം അന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെയും ഫോമാ പ്രസിഡന്റ് ജേക്കബ് തോമസിന്റെയുംസാന്നിധ്യത്തിൽ നടന്നുചരിത്രത്തിൽ ആദ്യമായി ഫൊക്കാനയുടെയും ഫോമയുടെയും സാരഥികളെ ഒരേവേദിയിൽ ഒരുമിച്ചാനയിച്ചു ഉത്ഘാടനം നടത്താൻ പറ്റിയെന്നുള്ളത് ചില്ലറ കാര്യമല്ല.

സംഘടനയുടെ പ്രസിഡന്റ് ആയി തോമസ് തോമസ് പാലത്ര ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു. മാത്യു ഇടിക്കുള വൈസ് പ്രെസിഡന്റായും, ചാക്കോ കുരുവിള സെക്രട്ടറിയായും, എസ് എസ് പ്രകാശ് ജോയിന്റ് സെക്രെട്ടറിയായും, ജോസഫ് ജേക്കബ് ട്രെഷറർ ആയും, മോഹൻ വറുഗീസ് ജോയിന്റ് ട്രെഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു. കമ്മിറ്റി മെംബേർസ് ആയി ബിനോയ് ചെത്തിക്കോട്, ബാബു കവിയൂർ, ഉമ്മൻ എബ്രഹാം, പ്രസന്ന ബാബു, ലീല മാത്യു എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

സംഘടനക്കൊരു ഓവർ സീയിങ് ബോഡിയുടെ ആവശ്യകതയെ അടിസ്ഥാനമാക്കി ഒരു അഡ്വൈസറി ബോർഡ് കൂടി പ്രാബല്യത്തിൽ വന്നു. ഡോക്ടർ രാമചന്ദ്രൻ നായർ അതിന്റെ ചെയർമാനും, കോശി ജോർജ് സെക്രട്ടറിയും ഫ്രെഡ് എഡ്വേഡ്, ഡോക്ടർ ജോൺ എബ്രഹാം ,സദാശിവൻ നായർ എന്നിവർ ബോർഡ് മെമ്പേഴ്സായും തിരഞ്ഞെടുക്കപ്പെട്ടു. സംഘടനയുടെ ഓഡിറ്റർ ആയി വറുഗീസ് എം വറുഗീസ് നിയോഗിക്കപ്പെട്ടു.

തുടർന്നുള്ള മീറ്റിംഗ് 2025 ഫെബ്രുവരിയിൽ ആയിരുന്നു. അന്ന് മാത്യൂസ് ഫ്യൂണറൽ ഹോമിൽ നിന്നുള്ള പ്രതിനിധികൾ നാം ഈ ലോകത്തോട് വിടപറയുമ്പോൾ എന്താണ് ചെയേണ്ടതെന്നതിനെ പ്പറ്റിയുള്ളൊരു സംവാദവും നടത്തി. സ്റ്റാറ്റൻ ഐലണ്ടിന്റെ അനുഗ്രഹീത ഗായകൻ ബാബു നരികുളത്തിന്റെ ഗാനങ്ങൾ ആർദ്രവും ഹൃദ്യവുമായി. അംഗങ്ങൾ തന്നെ തയാറാക്കിയ വിഭവസമൃദ്ധമായ സദ്യ സ്വാദിഷ്ടമായി.

തിരിഞ്ഞു നോക്കുമ്പോൾ ഇന്നീ അസോസിയേഷനിൽ ഏതാണ്ട് അറുപത്തിരണ്ടു രജിസ്‌ട്രേഡ് മെമ്പേഴ്സോളമുണ്ടെന്നുള്ളത് അഭിമാനകരമായൊരു യാഥാർഥ്യമാണ്.



# കേരള എന്റർടൈൻമെന്റ്സിന്റെ ഓണാഘോഷം ഹൃദ്യമായി

ന്യൂ യോർക്ക്: റോയി ചെങ്ങന്നൂരിന്റെ ഉടമസ്ഥതയിലുള്ള കേരള എന്റർടൈൻമെന്റ്സിന്റെ ഓണാഘോഷം സിത്താർ പാലസ് റെസ്റ്റോറന്റിൽ വിഭവ സമൃദ്ധമായ സദ്യയോടെ നടത്തപ്പെട്ടു. മലയാള സിനിമാ ലോകത്തെ മൂവീ സ്റ്റാർസിന്റെ സ്റ്റേജ് ഷോ നടത്തപ്പെടുന്ന കമ്പനിയാണ് കേരള എന്റർടെൻമെന്റ്സ്.

മുഖ്യാതിഥിയായി തോമസ് കോശി (വെസ്ററ്ചെസ്റ്റർ മലയാളി അസോസിയേഷൻ) സംസാരിച്ചു. അസോസിയേഷൻ പ്രസിഡന്റായി മൂന്നു തവണ സ്ഥാനം വഹിച്ച അദ്ദേഹം ഫോമാ ജുഡീഷറി ചെയർമാൻ, കംപ്ലയ്ൻസ് കമ്മിറ്റി വൈസ് ചെയർ എന്നീ നിലകളിൽ പ്രവർത്തിച്ചു. വെസ്റ്റ്ചെസ്റ്റർ ഹ്യൂമൻ റൈറ്റ്സ് കമ്മീഷ്ണർ ആണ്.

ഫോമയുടെ റീജിണൽ വൈസ് പ്രസിഡണ്ടും, സി.എസ്.ഇ.എ. മുൻ പ്രസിഡന്റുമായ പി.ടി. തോമസ് ഓണക്കാലത്ത് ഓണമാഘോഷിക്കാൻ കഴിവില്ലാത്തവരുടെ ദൈന്യത ഓർക്കണമെന്ന് പറഞ്ഞു .

ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷററ് സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, ഫോമാ നാഷ്ണൽ കമ്മിറ്റി മെമ്പർ മോളമ്മ വർഗീസ്, കണക്റ്റികട്ട് റീജിയൺ വൈസ് പ്രസിഡന്റ് അനിത നായർ, എന്നിവർ ഫോമായേ പ്രതിനിധീകരിച്ചു.

ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പ






























Sitar Palace
GRUBHUB






BUY, SELL OR
(845)


RENT
KERALA
REALTY


MALABAR
GOLD & DIAMONDS
300 BRANCHES SPREAD ACROSS USA, UAE, OMAN, QATAR, KUWAIT, BAHRAIN, KSA, SINGAPORE, MALAYSIA & INDIA

# ’ഇൻസ്പയർ ദി നെക്സ്റ്റ് ജനറേഷൻ’: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി ശ്രദ്ധേയമായി

മാർട്ടിൻ വിലങ്ങോലിൽ

ന്യൂയോർക്ക്: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യൂണൈറ്റഡ് (അങ്ഘലളഡ) ന്യൂയോർക്കിൽ സംഘടിപ്പിച്ച ജനസമ്പർക്ക സാമൂഹ്യസേവന പരിപാടിയായ ’ഇൻസ്പയർ ദി നെക്സ്റ്റ് ജനറേഷൻ’ ശ്രദ്ധേയമായി.

നിയമ നിർവഹണ മേഖലയിലെ ഉദ്യോഗസ്ഥരും, സാമൂഹ്യ നേതാക്കളും, യുവജനങ്ങളും ഒത്തുചേർന്നു. സേവനമേഖലയിലെ അറിവുകളും അനുഭവങ്ങളും ഇവർ പങ്കുവെച്ചു. മലയാളി ലോ എൻഫോഴ്സ്മെന്റ് നേതൃത്വം നൽകിയ ഈ പരിപാടി കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന വേദി കൂടിയായി.

ഡാനിയൽ സോളമൻ (സർജന്റ്-അറ്റ്-ആംസ്) ദേശാഭിമാന സത്യപ്രതിജ്ഞ ചെയ്തു ചടങ്ങുകൾക്കു തുടക്കം കുറിച്ചു. വീരമൃത്യു വരിച്ച ഉദ്യോഗസ്ഥർക്കു വേണ്ടി ഒരു നിമിഷം മൗനാഞ്ജലി നടത്തിയ ശേഷമാണ് പരിപാടികൾ ആരംഭിച്ചത്.

ന്യൂയോർക്ക് സംസ്ഥാന ഗവർണർ കാത്തി ഹോക്കിളിന്റെ ഓ



ഫിസിലെ ഏഷ്യൻ അമേരിക്കൻ ആൻഡ് പസഫിക് ഐലൻഡ് അഫയേഴ്സ് ഡയറക്ടർ സിബു നായർ മുഖ്യ പ്രഭാഷണം നടത്തി. ലോ എൻഫോഴ്സ്മെന്റ് നേതൃത്വം കമ്മ്യൂണിറ്റിയുമായി ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു കാട്ടി.

ഡെപ്യൂട്ടി ചീഫ് ഷിബു ഫിലിപ്പോസ്, മേരിലാൻഡ്, ടക്കോമ പാർക് ഡെപ്യൂട്ടി ചീഫ്, ഇൻസ്പെക്ടർ ഷിബു മധു (എക്സിക്യൂട്ടീവ് ഓഫീസർ, ഡിറ്റക്റ്റീവ് ബ്യൂറോ ബ്രൂക്ലിൻ സൗത്ത്, NYPD),

ഡെപ്യൂട്ടി ഇൻസ്പെക്ടർ ലിജു തോട്ടം (എക്സിക്യൂട്ടീവ് ഓഫീസർ, പട്രോൾ ബറോ ബ്രോങ്ക്സ്, NYPD), ക്യാപ്റ്റൻ പ്രതിമ ഭജന്ദാസ് മാൽഡൊനാഡോ (കമാൻഡിംഗ് ഓഫീസർ, 103-ാം പ്രിസിങ്ക്, NYPD) തുടങ്ങിയവർ വേദിയിൽ സംസാരിച്ചു.

തുടർന്ന് പാനൽ ചർച്ചകൾ നടന്നു. ഓരോ പാനലിസ്റ്റും തന്റെ വ്യക്തിപരമായ യാത്രകളും, ഔദ്യോഗിക സേവനത്തിൽ നേരിട്ട വെല്ലുവിളികളും, പഠിച്ച അനുഭവങ്ങളും പങ്കുവെച്ചു. പുതു തലമുറയെ നിയമനിർമ്മാണം നടപ്പാക്കുന്നതിനു പ്രചോദിപ്പിക്കുന്നതിനും, അവർക്കു നേതൃപാടവമൊരുക്കി മുഖ്യധാരയിലേക്കു ആനയിക്കുന്നതിനും ഉതകുന്നതായിരുന്നു ഈ വേദി.

AMLEU പ്രസിഡന്റായ ലഫ്റ്റനന്റ് നിധിൻ എബ്രഹാം സംഘടനയുടെ ഭാവി പരിപാടികൾ പങ്കുവെച്ചു. ലഫ്റ്റനന്റ് നോബിൾ വർഗീസ് (AMLEU സെക്രട്ടറി, NY-NJ പോർട്ട് അതോറിറ്റി പോലിസ് ഡിപ്പാർട്ട്മെന്റ്) നടത്തിയ നന്ദിപ്രസംഗം ഹൃദയസ്പർശി









# ആദ്യകാല വോളിബോൾ താരങ്ങളായ സൈമൺ ജോർജ്, ബേബിക്കുട്ടി തോമസ്, സോമൻ തോമസ് എന്നിവരെ ആദരിച്ചു







ന്യൂ യോർക്ക്: അമേരിക്കയിൽ ഏറെ ജനകീയമായിക്കൊണ്ടിരിക്കുന്ന വോളിബോൾ കളിക്ക് പ്രോത്സാഹനവും ഊർജവും പകർന്ന ആദ്യകാല സംഘാടകരും കളിക്കാരുമായ മൂന്നു പേരെ എൻ.കെ. ലൂക്കോസ് വോളി ടൂർണമെന്റ് സമ്മാനദാന വേദിയിൽ ആദരിച്ചത് ഏറെ അഭിനന്ദനാർഹമായി. ഫോമാ മെട്രോ റീജിയന്റെ ആഭിമുഖ്യത്തിലാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്.

ആദ്യകാല കളിക്കാരായ സൈമൺ ജോർജ് (തമ്പു- ന്യൂജേഴ്സി), ബേബിക്കുട്ടി തോമസ്, ന്യൂയോർക്ക്, സോമൻ തോമസ്, ന്യൂ ജേഴ്സി എന്നിവരെയാണ് പ്ലാക്ക് നൽകി ആദരിച്ചത്.

സൈമൺ ജോർജ് 1971 ലും 1972 ലും തിരുവനന്തപുരത്തെ മാർ ഇവാനിയോസ് കോളജിൽ നിന്ന് കേരള സർവകലാശാലയെ പ്രതിനിധീകരിച്ചു.

ഇന്ത്യൻ സർവകലാശാല ടീമിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. യുഎസ്എയിലേക്ക് കുടിയേറുന്നതുവരെ കേരളത്തിലെ ടൂർണമെന്റുകളിൽ ഒരു പ്രമുഖ കളിക്കാരനായിരുന്നു. ഇപ്പോൾ സ്റ്റെർലിംഗ് സീ ഫുഡ്സ് പാർട്ട്ണറാണ്.

ബേബിക്കുട്ടി തോമസ് 1976 ലും 1977 ലും കേരളസ്റ്റേറ്റ് സ്കൂൾ ടീമിൽ കളിച്ചു. 1982, 83, 84 വർഷങ്ങളിൽ ആലപുഴ ജില്ലയെ പ്രതിനിധീകരിച്ചു.

1990 കളുടെ തുടക്കത്തിൽ അമേരിക്കയിൽ എത്തിയ ശേഷം ന്യൂയോർക്കിലെ കേരള സ്പൈക്കേഴ്സിനായി ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റിൽ കളിക്കാനാരംഭിച്ചു. 1992, 93, 94, 96 വർഷങ്ങളിൽ ജിമ്മി ജോർജ് ടൂർണമെന്റിന്റെ ബെസ്റ്റ് സെറ്ററായി തിരഞ്ഞെടുക്കപ്പെട്ടു.

സോമൻ ജോൺ തോമസ് പേരെടുത്ത വോളിബോൾ കളിക്കാരനല്ല, മറിച്ച് സംഘാടകനാണ്. ന്യൂയോർക്കിലെ കേരള സ്പൈക്കേഴ്സിന്റെ സ്ഥാപക പ്രസിഡണ്ടാണ്.

1973 ൽ വിദ്യാർത്ഥിയായി എത്തിയ ആദ്യകാല മലയാളികളിൽ ഒരാളായ അദ്ദേഹം സ്വദേശമായ ചെങ്ങന്നൂരിൽ വോളിബോൾ കളിയിലൊന്നും പങ്കെടുത്തിട്ടില്ല. ഇവിടെ യു.എന്നിൽ ഉദ്യോഗസ്ഥനായപ്പോൾ യു.എന്നിന്റെ കോർട്ടിൽ ചില മലയാളികൾക്കൊപ്പം വോളിബോൾ കളിക്കാനാരംഭിച്ചു. പിന്നീട് മികച്ച കളിക്കാരായ തീയാടിക്കൽ ബാബു (അലക്സാണ്ടർ തോമസ്) ജെയിംസ് തുടങ്ങിയവരെത്തി. കേരള സ്പൈക്കേഴ്സ് രൂപം കൊണ്ടപ്പോൾ അതിന്റെ സ്ഥാപക പ്രസിഡന്റായി.

ആദ്യകാലത്ത് പല ടൂർണമെന്റുകളും നടത്തുന്നതിനായി ഏറെ കഷ്ടപ്പെട്ടു. അന്നൊന്നും കാര്യമായ ജനപിന്തുണയോ സാമ്പത്തിക സഹായമോ കിട്ടിയിരുന്നില്ല. ഇന്നിപ്പോൾ സ്ഥിതി മാറി. അമേരിക്കൻ യൂണിവേഴ്സിറ്റികളിലും നഗരങ്ങളിലും വോളിബോൾ പ്രചാരം നേടി. മലയാളികൾ ഉള്ളിടത്തെല്ലാം കളികൾ ജനകീയമായി. നഗരങ്ങളിൽ മാത്രമല്ല നയാഗ്രയിലും ഹാംപ്ടനിലുമെല്ലാം ടൂർണമെന്റുകൾ നടക്കുന്നു. യുവജനതയും ആവേശപൂർവം പങ്കെടുക്കാൻ മുന്നോട്ടു വരുന്നു. ഉയരമുള്ള ചെറുപ്പക്കാർ കളിക്കളത്തിൽ നിറഞ്ഞു നില്കുന്നു.

ക്നാനായ സമുദായം കളിക്ക് നൽകിയ പിന്തുണയാണ് ഈ വളർച്ചയിൽ വലിയ പങ്കു വഹിച്ചത്. ചീട്ടുകളി, വോളിബോൾ, വടംവലി എന്നിവയൊക്കെ അവർ പ്രോത്സാഹിപ്പിക്കുന്നു.

അതുപോലെ തന്നെ സ്പോൺസർമാരെ കിട്ടുക ഇന്ന് വിഷമകരമല്ല. കളിക്കാർ ദൂരത്തു നിന്ന് ടൂർണമെന്റുകൾക്ക് വരാൻ മടിക്കുന്നില്ല.

# അനാഥരെ പാർപ്പിക്കാൻ രണ്ടേക്കർ സ്ഥലവും വീടും വിട്ടു നൽകി ജോൺസൺ ജോസഫും സഹോദരരും



ന്യു യോർക്ക്: ഫോമാ മെട്രോ റീജിയൻ കിക്ക് ഓഫിൽ കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫ് ആണ് തന്റെ നിയോജക മണ്ഡലത്തിൽ നിന്നുള്ള ഫോമാ വെസ്റ്റേൺ റീജിയൻ ആർ.വി.പി. ജോൺസൺ ജോസഫിന്റെയും സഹോദരരുടെയും നിശബ്ദമായ സേവനപ്രവർത്തനം പുറത്തു കൊണ്ട് വന്നത്.

ലോസാഞ്ചൽസിൽ നിന്നുള്ള നമ്മുടെ ജോൺസൺ ജോസഫുമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിൽപെട്ട ഒരു കുടുംബാംഗമെന്ന നിലയിൽ അടുത്ത സ്നേഹവും സൗഹൃദവുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കടുത്തുരുത്തി മണ്ഡത്തിൽ അദ്ദേഹത്തിന്റെയും സഹോദരരുടെയും വീടും രണ്ടേക്കർ സ്ഥലവും കാരുണ്യ പ്രവർത്തനങ്ങൾക്കായി സിസ്റ്റേഴ്സിന് കൈമാറുന്ന സുപ്രധാനമായ തീരുമാനം അദ്ദേഹവും സഹോദരരും ഈ അടുത്ത സമയത്ത് എടുക്കുകയുണ്ടായി. ആ സ്ഥലത്ത് നൂറോളം വരുന്ന നിരാലംബരായ മനുഷ്യരെ അന്തേവാസികളായി താമസിപ്പിക്കും.

ഫോമയുടെ ഒഫീഷ്യലായി നിൽക്കുന്ന ഒരു വ്യക്തിയുടെ ധാർമ്മികമായ ഈ തീരുമാനത്തെ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. ഒരിഞ്ചു ഭൂമിക്കു വേണ്ടി ഇന്ന് മനുഷ്യർ കൊലപാതകം വരെ നടത്തുന്നത് നമ്മൾ കാണുന്നു. ഈ രണ്ടേക്കർ സ്ഥലം വിട്ടുകൊടുത്ത് അവിടെ നൂറോളം വരുന്ന പാവങ്ങളെ താമസിപ്പിക്കുവാൻ കഴിയുന്ന പ്രോജക്ട് യാഥാർത്ഥ്യമാക്കാൻ മുന്നോട്ടു വരുന്നു എന്നുള്ളത് എത്ര വലിയ കാര്യമാണ്. ഇത് സംഘടനയുടെ തേജസ്സിന്റെയും മനുഷ്യനന്മയുടെയും മുഖമുദ്രയായിട്ടാണ് കാണാൻ കഴിയുന്നത്-മോൻസ് ജോസഫ് പറഞ്ഞു.

പിന്നീട് ഇ-മലയാളി ജോൺസണുമായി ബന്ധപ്പെട്ടു. കുറവിലങ്ങാട് നസ്രത്തുഹില്ലിലാണ് വണ്ടനാം തടത്തിൽ കുടുംബം. തങ്ങൾ ഒൻപതു സഹോദരരാണ്. ഏഴുപേർ അമേരിക്കയിലും രണ്ടു പേർ ഇന്ത്യയിലും. ചങ്ങനാശേരി അതിരൂപതയുടെ കീഴിൽ സിസ്റ്റർ റോസിലിയുടെ നേതൃത്വത്തിലുള്ള സ്നേഹതീരം പ്രസ്ഥാനത്തിനാണ് ഇത് നൽകിയിരിക്കുന്നത്. കൊല്ലം ജില്ലയിൽ, പുനലൂരിലുള്ള വിളകുടിയിലാണ് സിസ്റ്റർ റോസിലിയുടെ നേതൃത്വത്തിൽ സ്നേഹതീരം ഓർഫനേജ് പ്രവർത്തിയ്ക്കുന്നത്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നൂറോളം പേരെ ഇവിടെ കെട്ടിടം പണിത് പാർപ്പിക്കുകയാണ് ലക്ഷ്യം.

ഒൻപതു പേരിൽ ഇളയ ആളാണ് ജോൺസൺ. ഏഴു സഹോദരർ ഇതിന്റെ പേപ്പറുകൾ ഒപ്പിട്ടു കഴിഞ്ഞു.

കാൽ നൂറ്റാണ്ട് മുൻപ് അമേരിക്കയിലെത്തിയ ജോൺസൺ ലോസ് ഏഞ്ചൽസിൽ മാനുഫാക്ചറിംഗ് എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഭാര്യ റോസമ്മ കൈസർ ഹോസ്പിറ്റലിൽ ചാർജ് നഴ്സ് മക്കൾ: ജോയൽ, ജെനിയ (ബാച്ചിലർ ഓഫ് നഴ്സിംഗ്), ജിബിൻ (യുസി സാൻഡിയാഗോ ബിരുദ വിദ്യാർത്ഥി)

ആലിസ് തോമസ്; ലില്ലി ഫ്രാൻസിസ് (ലോസ് ഏഞ്ചൽസ്); വത്സല ജോഷി (കാനഡ); എന്നീ സഹോദരിമാരും



# അംഗസംഘടനകൾ നൂറായി ഉയരും: ഫോമാ സെക്രട്ടറി ബൈജു വർഗീസ്

ന്യൂ യോർക്ക്: ഫോമാ കൺവൻഷൻ രജിസ്ട്രേഷന്റെ മെട്രോ റീജിയൻ കിക്ക് ഓഫിൽ സംഘടന കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളും തുടർന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും സെക്രട്ടറി ബൈജു വർഗീസ് വിവരിച്ചു.

ഈ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലാവധി കഴിയുന്നതിന് മുമ്പ് അംഗസംഘടനകളുടെ എണ്ണം നൂറിന് മുകളിലേക്ക് പോകുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം സഫലമായിക്കൊണ്ടിരിക്കുകയാണെന്ന് ബൈജു പറഞ്ഞു. പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ സ്വപ്നമായിരുന്നു അത്.

ലോക മലയാളി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായി വിമൻസ് സമ്മിറ്റ് സെപ്റ്റംബർ 27, 28 തീയ്യതികളിൽ നടക്കുന്നു. വളരെ വിപുലമായി അതിന്റെ പരിപാടികൾ മുന്നോട്ട് കൊണ്ടുപോകുന്നു. ഏതാണ്ട് നൂറോളം രജിസ്ട്രേഷൻ ലഭിച്ചു. 200 ആണ് ടാർജറ്റ്.

വെസ്റ്റേൺ റീജിയണിന്റെ ആഭിമുഖ്യത്തിൽ ബിസിനസ് മീറ്റ് ലാസ് വേഗസിൽ നവംബർ മാസം നടക്കുന്നു. എല്ലാവരെയും അതിലേക്കു സ്വാഗതം ചെയ്യുന്നു.

ഇത്രയും മനോഹരമായി ഈ പ്രോഗ്രാം ഇവിടെ സംഘടിപ്പിച്ച ഫോമാ മെട്രോ റീജിയൺ ആർ.വി.പി.ക്കും കമ്മിറ്റിയംഗങ്ങൾക്കും ആശംസകളും നേർന്നു .

ട്രഷറർ സിജിൽ പാലക്കലോടി താനും അവിടെ വോളിബോൾ കളിച്ച് വന്നിരിക്കുകയാണെന്നറിയിച്ചു. ടൂർണമെന്റ് ഭംഗിയായി നടത്തിയ മാത്യു ജോഷ്വായുടെ നേതൃത്വത്തിലുള്ള ടീമിന് നന്ദി പറയുകയാണ്.

ഞങ്ങൾ ചാർജെടുത്ത ശേഷം വളരെയധികം കാര്യങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങി ചെന്ന് ചെയ്യുവാൻ സാധിച്ചു എന്ന് പറയുന്നതിൽ അഭിമാനമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സംഘടനയാണ് ഫോമയെന്ന് സംഘടനാബലം കൊണ്ടും പ്രവർത്തനം കൊണ്ടും തെളിയിച്ച് വിജയത്തിലെത്തിക്കാൻ സാധിച്ചു എന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കും.

നിങ്ങൾ നൽകുന്ന പിന്തുണയാണ് ഞങ്ങളുടെ ശക്തി. കലാശകൊട്ടായിട്ട് നമ്മൾ നടത്തുന്നത് കൺവെൻഷനാണ്. അതിലേക്ക് നിങ്ങൾ ഓരോരുത്തരെയും ഞങ്ങൾ ക്ഷണിക്കുകയാണ്. അമേരിക്കൻ പ്രവാസികളുടെ ഏറ്റവും വലിയ ഉത്സവമായി തന്നെ നമുക്ക് അത് നടത്താൻ നിങ്ങളുടെയെല്ലാവരുടെയും സഹകരണം ഉണ്ടെങ്കിൽ കഴിയുമെന്ന് ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.







മെഗാസ്പോൺസർഷിപ്പ് 25000 ഡോളറാണ്. 15000 ആണ് അടുത്തത്. പ്ലാന്റിനം സ്പോൺസർ 10000 ഡോളറാണ്. ബ്രോൺസ് സ്പോൺസർ 5000, 3000. ഡബിൾ ഒക്യുപൻസി1250, സിംഗിൾ ഓക്യുപൻസി 750 ഡോളർ.

ഫുഡും അക്കോമഡേഷനും എല്ലാം ചേർത്തുകൊണ്ടാണ് തുക നിശ്ചയിച്ചിരിക്കുന്നത്. ഒരിക്കൽ കൂടി എല്ലാവരെയും ആ കൺവൻഷനിലേക്ക് ക്ഷണിക്കുന്നു.

# വോളിബോൾ കളിച്ചു മാണി സി. കാപ്പൻ എം.എൽ.എ. ക്ക് സ്വർണമാല; കിട്ടി, പോയി










ന്യുയോർക്ക്: ഫോമാ കൺവൻഷന്റെ മെട്രോ റീജിയൻ കിക്ക് ഓഫിലും എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിലും പങ്കെടുത്ത പാലാ എം.എൽ.എ. മാണി സി. കാപ്പൻ തന്റെ വോളി ബോൾ ജീവിതത്തിലെ അനുഭവം പങ്കുവച്ചത് സദസിൽ ചിരി പടർത്തി. അക്കാലത്തെ കളിക്കാർ തമ്മിലുള്ള ബന്ധം ഇന്നില്ല എന്നതും അദ്ദേഹം ഖേദത്തോടെ അനുസ്മരിച്ചു,.

ഞാനൊരു സ്പോർട്സമാൻ ആയിരുന്നു. അതുകൊണ്ടു തന്നെ വളരെ ചിട്ടയോടു കൂടി ലൂക്കാച്ചന്റെ ഓർമ്മ നിലനർത്താൻ നടത്തിയ ടൂർണമെന്റിന് എല്ലാ അഭിനന്ദനങ്ങളും നേരുകയാണ്. നാഷ്ണൽ ലെവൽ ടൂർണമെന്റ് നടത്തുന്ന രീതിയിൽ ആറു ഗ്രൗണ്ടുകളിലായി വളരെ ചിട്ടയോടെ ടൂർണമെന്റ് നടത്തി. ഒന്നിച്ചു കളിച്ച ജിമ്മി ജോർജിന്റെ ഓർമ്മ നിലനിർത്താൻ അമേരിക്കയിൽ ടൂർണമെന്റ് നടത്തുന്നുണ്ട്.

ഒരു പ്രാവശ്യം സിദ്ധിഖും ലാലും ഞാനും കൂടി അമേരിക്കയിൽ വന്നു. പിന്നീട് ന്യൂയോർക്കിൽ നടന്ന ടൂർണമെന്റിലും വരാൻ കഴിഞ്ഞു.

ഞാൻ യഥാർത്ഥത്തിൽ സിനിമകാരനാണ്. പ്രസംഗമൊക്കെ മോൻസ് ജോസഫ് എം.എൽ.എ പറഞ്ഞു. ഒരു വോളിബോൾ





തമാശ പഞ്ഞ് ഞാൻ നിർത്താം. ചെറിയ ചെറിയ ടൂർണമെന്റ് ഉണ്ടായിരുന്നു ഞങ്ങളൊക്കെ കളിക്കുന്ന കാലത്ത്. അന്ന് ക്രിക്കറ്റിനേക്കാൾ പോപ്പുലർ വോളിബോളാണ്. വാഴക്കുളം എന്ന സ്ഥലത്ത് ഒരു ടൂർണമെന്റ് നടക്കുന്നു. വാഴക്കുളം ടീമിനു വേണ്ടി കൂലിക്ക് കളിക്കാരെ കൊണ്ടു വന്നു. ഒരു കൂലി കളിക്കാരനായി ഞാനും പോയി.

ഈ ടൂർണമെന്റ് ജയിക്കുന്ന തുക ആദ്യ ദിവസം 500 രൂപ. രണ്ടാമത്തെ ദിവസം 750. ഫൈനലിൽ ഇന്ത്യൻ ടീമിനെ ഞങ്ങൾ തോൽപിച്ചു. കളിക്കാർക്ക് കാണികളും വന്ന് സമ്മാനം കൊടുക്കും. അത് മൈക്കിൽ അനൗൺസ് ചെയ്യും. ഒരു പൈനാപ്പിൾ പൊതി മാണിസി കാപ്പന് കൊടുക്കാൻ പറഞ്ഞു. അയാൾ അതിന്റെ കൂടെ കഴുത്തിൽ കിടക്കുന്ന മാല ഊരി തന്നു. മൂന്നു പവന്റെ മാല മാണിസി കാപ്പന്.

അത് കണ്ട് കൂടെയുള്ള കളിക്കാർ പറഞ്ഞു പത്തഞ്ഞൂറു രൂപ ചെലവു ചെയ്യാതെ വിടുകയില്ലെന്ന്. അങ്ങനെ പോകുന്ന വഴിക്കെല്ലാം ഭക്ഷണം കഴിച്ചു. അവർ പറഞ്ഞതെല്ലാം വാങ്ങികൊടുത്തു. 500 രൂപയോളം ചെലവായി. 200 രൂപയാണ് കളിക്ക് സമ്മാനം.

അവസാനം ഞങ്ങളുടെ പുറകെ ലൈറ്റിട്ട് ഒരു വണ്ടി പാഞ്ഞു വരുന്നു. രണ്ട് തടിയൻമാർ വണ്ടിയിൽ നിന്ന് ഇറങ്ങിവന്ന് മാല തിരിച്ചു കൊടുക്കണമെന്ന് പറഞ്ഞു. കൂടെയുള്ളവർ പറഞ്ഞു രണ്ടെണ്ണം പൊട്ടിച്ചു വിട്ടാലോയെന്ന്. ഞാൻ പറഞ്ഞു അതുവേണ്ട. നമുക്ക് ചെറിയ ബുദ്ധി പ്രയോഗിക്കാം.... ഈ മാല തന്നയാൾ പറഞ്ഞാൽ കൊടുത്തേക്കാമെന്ന് ഞാൻ പറഞ്ഞു. പൊക്കം കുറഞ്ഞ ആ ചേട്ടൻ ഇവരുടെ പുറകിൽ നിൽക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നു.





അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടു പറഞ്ഞു. എന്റെ പൊന്നുമോനെ ഒരാവേശത്തിന്റെ പുറത്ത് മാല തന്നു പോയതാണ്. എന്നെ പെമ്പറന്നോത്തി വീട്ടിൽ കയറ്റത്തില്ല. വെളിയിൽ നിൽക്കേണ്ടി വരും. മാല തിരിച്ചു തരണമെന്ന്. ഞാൻ ഏതേയാലും ആ മാല തിരിച്ചു കൊടുത്തു. സന്തോഷപൂർവ്വം, ദുഃഖമുണ്ടായിരുന്നെങ്കിലും.

പിറ്റേ ദിവസം കൂടെയുണ്ടായിരുന്ന കളിക്കാർ മൂന്നു പവന്റെ മാല മേടിച്ച് എന്റെ വീട്ടിൽ കൊണ്ടു തന്നു. അന്നത്തെ കളിക്കാർ തമ്മിലുള്ള സ്നേഹബന്ധം അതായിരുന്നു. ആ സ്നേഹബന്ധം ഇന്നത്തെ കളിക്കാർക്കില്ല എന്നത് സത്യമാണ്.

ഫോമ നടത്തുന്ന എല്ലാ പ്രവർത്തനത്തിനും അദ്ദേഹം എല്ലാ വിധ ആശംസകളും നേർന്നു.

# ഫോമാ കൺവൻഷൻ രജിസ്ട്രേഷൻ കിക്ക് ഓഫ് ഉദ്ഘാടനം മോൻസ് ജോസഫ് നിർവഹിച്ചു







ന്യൂയോർക്ക്: ഫോമാ കൺവൻഷൻ രജിസ്ട്രേഷന് ന്യൂയോർക്ക് മെട്രോ റീജിയണിലെ കിക്ക് ഓഫ് ഉദ്ഘാടനം കടുത്തുരുത്തി എം.എൽ.എ.യും മുൻ മന്ത്രിയുമായ മോൻസ് ജോസഫ് നിർവഹിച്ചു.

ചടങ്ങിൽ വച്ച് മുൻ പ്രസിഡന്റുമാരായ ശശിധരൻ നായർ, ബേബി ഊരാളിൽ, ഡോ. ജേക്കബ് തോമസ് എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

മുഖ്യ സ്പോൺസർമാരായ വർക്കി എബ്രഹാം, ബിജു ലോസൻ എന്നിവരും മറ്റു സ്പോൺസർമാരും ചടങ്ങിൽ രജിസ്ട്രേഷൻ ഫോറം ഭാരവാഹികളെ ഏൽപ്പിച്ചു.

രജിസ്ട്രേഷന്റെ വെബ് സൈറ്റും മോൻസ് ജോസഫ് സ്വിച്ച് ഓൺ ചെയ്തു.

ഹ്രസ്വമായ പരിപാടിയുമായാണ് താനും സഹപ്രവർത്തകനായ പാല എം.എൽ.എ. മാണി സി. കാപ്പനും എത്തിയിരിക്കുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മോൻസ് ജോസഫ് പറഞ്ഞു.

ഫോമായുടെ പരിപാടിയിൽ പങ്കെടുക്കുക എന്നത് എക്കാലവും സന്തോഷകരമായ അനുഭവമാണ്. മുൻ നേതാക്കളുമായെല്ലാം മികച്ച ബന്ധമാണ് താൻ തുടരുന്നത്.

ഏറ്റവും ശ്രദ്ധേയമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമായി ഫോമ വളർന്ന് മുന്നോട്ടു പോകുന്നു







എന്നത് ആരും അംഗീകരിക്കുന്ന ഒരു സത്യമാണ്. കഠിനാദ്ധ്വാനം കൊണ്ടും സഹകരണം കൊണ്ടും ഒന്നിച്ചു പോകാൻ കഴിയുന്നതുകൊണ്ടാണ് ഇത് സാധിക്കുന്നത്. ഇത് ആരുടെയെങ്കിലും നേട്ടമല്ല, കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണെന്ന് ബേബി മണക്കുന്നേലും പോൾ ജോസും പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. ഞങ്ങളെല്ലാം അത് വർഷങ്ങളായി നോക്കികാണുന്ന യാഥാർത്ഥ്യമാണ്. ഈ കൂട്ടായ്മ നിലനിർത്തിക്കൊണ്ടുപോകാൻ നിങ്ങൾക്ക് എന്നും കഴിയട്ടെ .

ഈ മീറ്റിംഗിന് മുമ്പ് രാവിലെ മുതൽ നടക്കുന്ന ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ഉദ്ഘാടന ചടങ്ങിൽ ഞാനും മാണിസി കാപ്പനും പങ്കെടുക്കുകയുണ്ടായി. വലിയ പങ്കാളിത്തമാണ് അവിടെ കണ്ടത്.

മാണി സി കാപ്പൻ വോളിബോൾ രംഗത്ത് അതികായനായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. ഇന്റർനാഷ്ണൽ പ്ലെയറായിരുന്നു. ഇന്ത്യയുടെ താരമായിരുന്നു. കേരളത്തിന്റെ അഭിമാനമായിരുന്ന ജിമ്മിജോർജിനോടൊപ്പം ഇന്ത്യയെ പ്രതിനിധീകരിച്ച ടീമിലെ അംഗമായിരുന്നു.

ഞാനും കോട്ടയത്തും കടുത്തുരുത്തിയിലും വോളിബോൾ കളിക്കാരനായി ഉണ്ടായിരുന്നു. അത്രയൊക്കെയെ നമുക്ക് അവിടെ പറ്റിയിട്ടുള്ളൂ.

വോളിബോൾ ഹരമായി ഇന്നിവിടെ കൊണ്ടുപോകാൻ കഴിയുന്നുവെന്നത് തീർച്ചയായും സന്തോഷകരമായ കാര്യമാണ്. പ്രത്യേകിച്ചും യൂത്തിന്റെ പങ്കാളിത്തം. പെൺകുട്ടികളും ആൺകുട്ടികളും ഒരു പോലെ താൽപര്യത്തോടെ വോളിബോൾ പ്രാക്ടീസ് ചെയ്യുന്നതും മത്സരിക്കുന്നതും കാണുകയുണ്ടായി.

ഫോമ കായികരംഗത്തും പ്രോത്സാഹനം കൊടുക്കുന്നു എന്നതിന്റെ തെളിവാണിത് . ഇതുപോലുള്ള നന്മനിറഞ്ഞ പ്രവർത്തനങ്ങളിൽ നിങ്ങൾ നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളുണ്ട്. കേരളത്തിൽ ഏതെങ്കിലും ബുദ്ധിമുട്ടു വരുന്ന സന്ദർഭങ്ങളിൽ ആദ്യം ഓടിയെത്തുന്ന പ്രസ്ഥാനമാണ് ഫോമാ .

ഡോ.ജേക്കബ് തോമസ് പ്രസിഡന്റായിരിക്കുമ്പോൾ ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചതും ഇപ്പോൾ ബേബി മണക്കുന്നേൽ നേതൃത്വം കൊടുത്തുകൊണ്ട് അത്തരം പദ്ധതികളിലേക്ക് വരുന്നതും സന്തോഷഷകരമാണ്. വർഷങ്ങൾക്ക് മുമ്പ് ബേബി ഊരാളിൽ ഗവൺമെന്റിന്റെ സഹായത്തോടെ ഭവനനിർമ്മാണ പദ്ധതി






നടപ്പാക്കിയിരുന്നു. തോണിക്കടവിൽ അടക്കം നേതൃത്വം കൊടുത്ത ടീമിൽ ഞാനും സഹകരിച്ചിട്ടുണ്ട്.

ലൂക്കോസ് മെമ്മോറിയൽ ടൂർണമെന്റ് പോലുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഇനിയും സജീവമായി മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. അടുത്ത കൺവൻഷൻ ഏറ്റവും ഉജ്ജ്വല വിജയമായി തീരട്ടെ. അർത്ഥപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ ഇനിയും ജനനന്മയ്ക്കു വേണ്ടിപ്രവർത്തിക്കുന്ന മാതൃകാ പ്രസ്ഥാനമായി ഫോമയ്ക്ക് വളരുവാനും മുന്നോട്ടു പോകുവാനും ജഗദീശരൻ എല്ലാ അനുഗ്രഹങ്ങളും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഞങ്ങൾ ഭാവിയിൽ മന്ത്രിമാരാകണമെന്ന് നിങ്ങൾ പറഞ്ഞ നല്ല വാക്കുകൾ കേൾക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഇതൊന്നും നമ്മുടെ കൈയ്യിൽ നിൽക്കുന്ന കാര്യങ്ങളല്ല. ജനങ്ങളുടെ തീരുമാനത്തിന്റെ ഭാഗമായി നാളകളിൽ സംഭവിക്കേണ്ട കാര്യങ്ങളാണ്. ദൈവത്തിൽ ആശ്രയിച്ചു മനുഷ്യ നന്മയ്ക്കു വേണ്ടി വിശ്വസ്തയോടെ സേവനം ചെയ്യുന്ന പൊതു പ്രവർത്തകർ എന്ന നിലയിൽ ദൈവം കൈകളിൽ എത്തിച്ചു തരുന്ന കാര്യങ്ങൾ നിർവ്വഹിക്കുക മാത്രമാണ് ഈ നിമിഷം വരെ ചെയ്തിട്ടുള്ളത്.

ഐശ്വര്യ പൂർണ്ണമായ ഒരു സ്ഥിതി വിശേഷം നാട്ടിൽ ഉണ്ടാകണമെന്ന് പൊതുവേ മനുഷ്യർ ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. ചെറുപ്പക്കാർക്ക് കേരളത്തിൽ തന്നെ നിൽക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണം. പഠിക്കുവാനും ജോലി ചെയ്യുവാനും കഴിയുന്ന സാഹചര്യം ഉണ്ടാകണം. ഇതിനൊക്കെ പരിഹാരം ഉണ്ടാക്കാൻ കഴിയുന്നില്ല എന്നുള്ളത് കേരളത്തിന്റെ വേദനയായി ഇന്നും നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. അതൊക്കെ പരിഹരിക്കാൻ കഴിയുന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുവാൻ ആത്മാർത്ഥതയോടെ കാര്യങ്ങൾ നടപ്പാക്കാൻ കഴിയുന്ന ഭരണകൂടങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുക എന്നത് ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങളാണ്. അതിനു വേണ്ടി ഞങ്ങളൊക്കെ സത്യസന്ധമായ വഴികളിലൂടെ നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഉണ്ടാകും എന്നുമാത്രം സൂചിപ്പിക്കുന്നു.

എല്ലാവർക്കും ഓണാശംസകൾ നേരുന്നു.






FOMAA Family


FOMAA
NATIONAL COMMITTEE
MEMBERS 2024-2026


FOMAA

# ഫോമാ പ്രവർത്തനങ്ങൾ സജീവം; കൺവൻഷൻ അവിസ്മരണീയമാകും: ബേബി മണക്കുന്നേൽ




ന്യൂ യോർക്ക്: പ്രവർത്തനനിരതമായ രണ്ടു വർഷവും അതിനു സമാപനമായി മികച്ച കൺവൻഷനുമാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ. കൺവൻഷൻ കഴിഞ്ഞ് പോകുമ്പോൾ അതൊരു പരാജയമായിരുന്നു എന്ന് ഒരാളും പറയാത്തത്ര കുറ്റമറ്റ കൺവൻഷനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. ഡെസ്റ്റിനേഷൻ കൺവൻഷനുകൾക്കു ശേഷം ജന്മനാടായ ഹ്യൂസ്റ്റനിൽ മടങ്ങി എത്തുന്ന കൺവൻഷൻ ഏറ്റവും മികച്ചതാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ന്യൂ യോർക്ക് മെട്രോ റീജിയനിൽ കൺവൻഷൻ രജിസ്ട്രേഷൻ കിക്ക് ഓഫിൽ പ്രസംഗിക്കവേ അദ്ദേഹം പറഞ്ഞു .

അടുത്തവർഷം ജൂലൈ 30, 31ന് ആഗസ്റ്റ് 1, 2 ദിവസങ്ങളിൽ നടത്തുന്ന കൺവൻഷനുള്ള പ്രവർത്തനങ്ങളുമായി എല്ലാവരും സജീവമായിരിക്കുന്നു. അതേസമയം സംഘടനാ കൺവൻഷനിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായി പോകാതിരിക്കാൻ പലതരത്തിലുള്ള പ്രവർത്തനങ്ങളും തുടരുന്നു. പ്രത്യേകിച്ച് ചാരിറ്റി പ്രവർത്തനങ്ങൾ. അത് പോലെ യൂത്തിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ, വനിത ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ.

ഫോമയുടെ വളർച്ചയെന്നു





പറഞ്ഞാൽ എക്സിക്യൂട്ടീവിന്റെ വളർച്ചയല്ല. ഫോമയെ സ്നേഹിക്കുകയും, ഫോമയുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുമ്പോട്ടു പോകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന നമ്മുടെ എല്ലാവരുടെയും വളർച്ചയാണ്. എക്സിക്യൂട്ടീവിന് ഒന്നും വേണ്ട. ഞങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നത് ഫോമയുടെ വളർച്ചയാണ്.

കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമെ നമുക്ക് ലക്ഷ്യത്തിലെത്താനാകൂ. കഴിഞ്ഞ ജനുവരി മുതൽ 25 ലക്ഷത്തോളം രൂപ നാട്ടിലെ പാവപ്പെട്ടവരുടെ കൈകളിൽ, രോഗികളുടെ കൈകളിൽ എത്തിച്ചിട്ടുണ്ട്. അത് ഞങ്ങളുടെ മിടുക്ക് കൊണ്ടല്ല നിങ്ങൾ ഇവിടെ ഇരിക്കുന്ന ഓരോരുത്തരുടെയും സഹായസഹകരണങ്ങൾ കൊണ്ടാണ്.

ഇതിനകം കൺവൻഷനായി പത്തോളം പ്ലാറ്റിനം സ്പോൺസേർസിനെയും സിൽവർ പ്ലോൺസേർസിനെയും ലഭിച്ചു. കൺവൻഷനിൽ നിന്ന് മിച്ചം പിടിക്കാൻ സാധിച്ചാൽ അത് പാവപ്പെട്ടവർക്ക് എത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അതിനുവേണ്ടി ഞങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

അതുപോലെ അടുത്ത ജനുവരി 9, 10, 11 തീയ്യതികളിൽ കോട്ടയത്തും, കുമരകത്തും, എറണാകുളത്തും വെച്ച് ഫോമയുടെ കേരള കൺവൻഷൻ നടക്കും. 11-ാം തീയ്യതി എറണാകുളത്ത് ബിസിനസ് മീറ്റ്. 9 ന് ചാരിറ്റി പ്രവർത്തനങ്ങളുമായി നല്ലരീതിയിലുള്ള ഒരു പ്രോഗ്രാം. 10-ാം തീയ്യതി കുമരകത്ത് ഇവിടെനിന്നു പോകുന്നവരും അവിടെയുള്ളതുമായ നമ്മുടെ എല്ലാ ആളുകളുമായി ഒരു ബോട്ട് യാത്ര.

കഴിഞ്ഞ ജനുവരിയിൽ പാവപ്പെട്ട വിധവകളായ അമ്മമാർക്ക് ഭക്ഷണം, മെഡിക്കൽകിറ്റ്, കൈനീട്ടം എന്നിവ നൽകാനായി. 750 ഓളം വിധവകളായ അമ്മമാർ അതിൽ പങ്കെടുത്തു. അത് ഇനിയും തുടരും.

പതിനെട്ടാമത് ലൂക്കോസ് മെമ്മോറിയൽ വോളിബോൾ വളരെ ഭംഗിയായി നടന്നതിൽ സന്തോഷമുണ്ട്. അതിന് ചുക്കാൻ പിടിച്ച ആർവിപി മാത്യു ജോഷയും ബിഞ്ചുവും അഭിനന്ദനം അർഹിക്കുന്നു.

കിക്ക് ഓഫിൽ ഒട്ടേറെ പേർ രജിസ്റ്റർ ചെയ്യുകയും സ്പോൺസർമാരായി എത്തുകയും ചെയ്തു. കേരള കൺവൻഷനും കൂടുതൽ; സ്പോൺസർമാരെത്തി.







The First
'OTT' Platform
MediaAppUSA
Developed by
Malayalees from NA
MediaAppUSA
Originates From North America
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ഫാ.ഫിലിപ്പ് വർഗീസ്**

ഡിട്രോയിറ്റ്: മാർത്തോമ സ ഭയിലെ സീനിയർ പട്ടകാരനും കൺവെൻഷൻ പ്രസംഗികനും ആയിരുന്ന ഫിലിപ്പ് വർഗീസ് അച്ചൻ (87) ഡെട്രോയിറ്റിൽ അന്തരിച്ചു. ഡെട്രോയിറ്റിൽ വിശ്രമ ജീവിതം നയിക്കുക ആയി രുന്ന അച്ചന്റെ സഹധർമണി കൈലാസ് തുരുത്തിയിൽ പരേതരായ ജേക്കബ് ജോണിന്റെയും പെണ്ണമ്മ ജോണിന്റെയും മകൾ ഡോ. എൽസി വറുഗീസ്. മക്കൾ: ഫിലിപ്പ് വർഗീസ് (ജിജി), ജോൺ വറുഗീസ് (ജോജി), ഗ്രേസ് തോമസ് (ശാന്തി).മരുമക്കൾ: മിനി വർഗീസ് , സുനിത വർഗീസ്, ബിനോ തോമസ്. കൊച്ചുമക്കൾ: ഹാനാ തോമസ്, നെയ്തൻ വറുഗീസ്, ആൻഡ്രൂ വർഗീസ്, റബേക്ക വർഗീസ്, ഐസയ്യ തോമസ്, ഇല്യാന വറുഗീസ്. പരേതരായ വി.ഇ. ഫിലിപ്പിന്റെയും ഗ്രേസി ഫിലിപ്പിന്റെയും മകനാണ്.



**ജോർജ് വർഗീസ്**

കോട്ടയം :ടയർ റീട്രേഡിങ്ങിനുള്ള ഉൽപന്നങ്ങളുടെ പ്രമുഖ നിർമാതാക്കളായ മിഡാസ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സ്ഥാപക മാനേജിങ് ഡയറക്ടർ ജോർജ് വർഗീസ് (ജോർജി 85) അന്തരിച്ചു. ഭാര്യ: കുന്നുംപുറത്ത് അക്കര കുടുംബാം ഗമായ പരേതയായ മറിയം വർഗീസ്. മക്കൾ: സാറ, വർക്കി വർഗീസ്, പൗലോസ് വർഗീസ്, പരേതയായ അന്ന. മരുമക്കൾ: ഡോ. മാത്യു ജോർജ് കുരുടാമണ്ണിൽ (യുഎസ്), തരുൺചന്ദ് (ഡൽഹി), ദിവ്യ പുല്ലുംപ്ലായിൽ, മാലിനി തയ്യിൽ കണ്ടത്തിൽ.

**ശോശാമ്മ വർഗീസ്**

മാങ്ങാനം:മൈലിയാങ്കലായ കാഞ്ഞിരത്തറ കോതകേരിൽ പരേതനായ കെ. സി.വർഗീസിന്റെ ഭാര്യ ശോശാമ്മ വർഗീസ് (ചിന്നമ്മ-89) അന്തരിച്ചു. കോത്തല കരിമ്പിച്ചീയിൽ കുടുംബാംഗമാണ്.



**അക്കാമ്മ വർഗീസ്**

ഡാളസ്: തിരുവല്ല നിരണം വട്ടമ്മാക്കേൽ, വർഗ്ഗീസ് മാത്തൻ - ഏലിയാമ്മ ദമ്പതികളുടെ മകൾ അക്കാമ്മ വർഗീസ് ചാക്കോ (79) ആഗസ്റ്റ് 26 ന് ഡാളസിൽ അന്തരിച്ചു .നിരണം പനമ്പിറ്റേത്ത് ചാക്കോ പി. ചാക്കോയുടെ ഭാര്യയാണ്. ഇന്ത്യാ പെന്തകോസ്ത് ദൈവ സഭ ഹെബ്രോൻ ഡാളസ് സഭാംഗമായിരുന്നു.നാഗ്പൂർ മെഡിക്കൽ കോളേജിൽ നിന്നും നഴ്സിംഗ് പഠനം പൂർത്തിയാക്കി. 1974-ൽ അമേരിക്കയിലെത്തി. ദീർഘകാലം ഡാളസ് പാർക് ലാൻഡ് ആശുപത്രിയിൽ സേവനത്തിനു ശേഷം വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. മക്കൾ: ജൂലി ജാക്സൺ,ജെയ്മി ജോസഫ്. സഹോദരങ്ങൾ: റേച്ചൽ ശാമുവേൽ, സാറാമ്മ തോമസ്, മാത്തുക്കുട്ടി ഗീവർഗീസ്, മറിയാമ്മ ഏബ്രഹാം സൺ, റോസമ്മ പ്രസാദ്.



**ലിജോ വി. ജോൺ**

ബാൾട്ടിമോർ: സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് അംഗങ്ങളായ പരേതനായ ജോൺ വി. ജോണിന്റെയും എലിസബത്ത് ജോണിന്റെയും പുത്രൻ ലിജോ വി. ജോൺ ഓഗസ്റ്റ് 25-ന് അന്തരിച്ചു. സഹോദരി ഡോ. ലിനി ജോൺ. സഹോദരീഭർത്താവ് ജോസഫ് ബൗർ. മരുമകൾ കവിത ബൗർ.



**ജോസഫ് കെ.തോമസ്**

പുതുപ്പള്ളി:സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിട്ട. ഉദ്യോഗസ്ഥൻ പുന്നവേലി വല്യവീട്ടിൽ ജോസഫ് കെ.തോമസ് (60) അന്തരിച്ചു.



**ഫാ. തോമസ് വയലിൽ**

ചങ്ങനാശേരി: ചങ്ങനാശേരി അതിരൂപതാംഗവും എസ്ബി കോളജ് മലയാള വിഭാഗം മുൻ അധ്യാപകനുമായ ഫാ. തോമസ് വയലിൽ (ഫാ.സി.ടി.വയലിൽ-91) അന്തരിച്ചു. ഷിക്കാഗോയിലെ ലൊയോള സർവകലാശാല മെഡിക്കൽ സെന്റർ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി എന്നിവയുടെ ചാപ്ലിൻ ആയിരുന്നു. വടവാതൂർ സെമിനാരിയിലെ മുൻ അധ്യാപകനുമായിരുന്നു.അയർക്കുന്നം വയലിൽ പരേതനായ ചാക്കോയുടെ മകനാണ്. സഹോദരങ്ങൾ: പരേതരായ ജോസഫ് ചാക്കോ, പോൾ ചാക്കോ, ചാക്കോ ചാക്കോ, ഏലിയാമ്മ ഏബ്രഹാം, അന്നമ്മ സ്കറിയ.


**മറിയാമ്മ മാത്യു**

വാകത്താനം:പ്ലാപ്പറമ്പിൽ പി.കെ.മാത്യുവിന്റെ ഭാര്യ മറിയാമ്മ മാത്യു (80) അന്തരിച്ചു.



**കുഞ്ഞമ്മ വർഗീസ്**

ന്യൂയോർക്ക് : ദീർഘകാലം അമേരിക്കയിലെ ന്യൂയോർക്കിൽ സ്ഥിരതാമസമായിരുന്ന കടമ്മനിട്ട കല്ലേലിമുക്ക് പാറമേൽ-വെള്ളോലിക്കുഴി യിൽ കുടുംബാംഗം പരേതനായ സി.എം. വർഗീസിന്റെ സഹധർമ്മിണി (റിട്ടയേർഡ് റജിസ്റ്റേർഡ് നേഴ്സ്) കുഞ്ഞമ്മ വർഗീസ് (81) നാട്ടിൽ അന്തരിച്ചു. ബിജു വർഗീസ്, സജു വർഗീസ്, എന്നിവർ മക്കളാണ്. ബിന്ദു, മഞ്ജു എന്നിവർ മരുമക്കളും, ആഷ്‌ലി വർഗീസ്, അലീസ വർഗീസ്, ആൻഡ്രൂ വർഗീസ്, ആഞ്ജല വർഗീസ് എന്നിവർ കൊച്ചുമക്കളുമാണ് (എല്ലാവരും ന്യൂയോർക്ക്). സെന്റ് ബസേലിയോസ് മലങ്കര ഓർത്തഡോക്സ് ചർച്ച് ബ്രൂക്ക്ലിൻ ഇടവകാംഗം ആയിരുന്നു പരേത.



**അഡ്വ. പി.കെ. ജോസഫ്**

കൊച്ചി: സി.എസ്.ഐ കൊച്ചിൻ ഡയോസിസ് മുൻ ലേ സെക്രട്ടറി അഡ്വ. പി.കെ. ജോസഫ് ഓഗസ്റ്റ് 25-ന് കൊച്ചിയിൽ അന്തരിച്ചു. എറണാകുളം സി.എസ്.ഐ ഇമ്മാനുവേൽ ചർച്ച് കമ്മിറ്റി മെമ്പർ, നോർത്ത് കേരള ഡയോസിഷൻ കൗൺസിൽ മെമ്പർ, സി,എസ്.ഐ കൊച്ചിൻ ഡയോസിസ് ഇലക്ഷൻ പാനൽ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

**ടി.വി.സേവ്യർ**

തൃക്കൊടിത്താനം:തോപ്പിൽ ടി.വി.സേവ്യർ (സിബിച്ചൻ, 55) അന്തരിച്ചു. സ ഭാര്യ: മാമ്മൂട് വാളിപ്ലാക്കൽ നൈസി. മക്കൾ: ഷാലു, പവൻ. മരുമകൻ: എബിൻ പി.മാത്യു പത്തിൽ താഴാമഠം (കുവൈത്ത്).



**വേലു പിള്ള**

ചിക്കാഗോ: വേലു പിള്ള (81) ചിക്കാഗോയിൽ അന്തരിച്ചു. ഓമന പിള്ളയാണ് സഹധർമ്മിണി. മാധവൻ പിള്ള, ചന്ദ്രൻപിള്ള, പൊന്നമ്മ പിള്ള, സുമ മിറ്റൽ, അമ്മിണി നാഥ്, മണിയമ്മ എന്നിവർ സഹോദരങ്ങളാണ്. അനിത, അമ്പിളി, അർച്ചന, അഭിലാഷ് എന്നിവർ മക്കളും, മോഹനൻ പിള്ള, ചന്ദ്രശേഖര പിള്ള, രൺജിത് പിള്ള, രേശ്മ പിള്ള എന്നിവർ മരുമക്കളുമാണ്.

**മറിയാമ്മ ഏബ്രഹാം**

മാലം:കല്ലക്കുളത്തായ (ഒറവയ്ക്കൽ) മുളന്താനത്ത് പരേതനായ എം.എം.ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം (90) അന്തരിച്ചു. മക്കൾ: ദീനാമ്മ, ബാബു, ജയ്മോൾ, വർഗീസ് എബ്രഹാം, ഫാ. ജയിംസ് എബ്രഹാം (മൂവരും യുഎസ്).



**ഏലിക്കുട്ടി കുര്യൻ**

പേരൂർ: കരിയാറ്റപുഴ ഏലിക്കുട്ടി കുര്യൻ (87) അന്തരിച്ചു.മലബാർ ഓണശേരിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കുര്യൻ. മക്കൾ: ബെറ്റ്സി, മിനി. മരുമക്കൾ: സജൻ തടത്തിൽ പരുത്തുംപാറ, ബിജു തോട്ടുകുളപ്പനാനിയിൽ ഇടക്കോലി. കൊച്ചുമക്കൾ: രോഹിത്, അനഘാ, കെവിൻ, തോമസ്, കുര്യൻ, റ്റോം.

**കെ.എ.ചാക്കോ**

അതിരമ്പുഴ:വ്യവസായിയും കുന്നേൽ സ്ഥാപനങ്ങളുടെ ഉടമയുമായ കുന്നേൽ കെ.എ.ചാക്കോ (77) അന്തരിച്ചു. ഭാര്യ: കുമാരനല്ലൂർ മാണിക്കത്ത് ഡോളി ചാക്കോ. മക്കൾ: ആൻഡ്രൂസ് ചാക്കോ , മാത്യു ചാക്കോ. മരുമക്കൾ: ചങ്ങനാശേരി മണമേൽ സോമോൾ, ശ്രുതി.



**അച്ചാമ്മ**

പുന്നത്തുറ: കിടങ്ങൂർ സൗത്ത്, ഇടമന (കാക്കനാട്ട്) പരേതനായ മത്തായിയുടെ ഭാര്യ അച്ചാമ്മ (98) അന്തരിച്ചു പരേത കുടല്ലൂർ മാപ്ളേട്ട് കുടുംബാംഗമാണ്. മക്കൾ : സൈമൺ, ഗ്രേസി, മാത്യു, സിറിയക്. മരുമക്കൾ :പരേതയായ ബ്രിജിത്, ജോർജ്, സാലി, ക്ലാര.

**തങ്കമ്മ**

കോട്ടയം:മൂലവട്ടം മുഞ്ഞനാട്ടുപുള്ളിയിലായ കൈതക്കാട്ട് പരേതനായ അച്ചൻകുഞ്ഞിന്റെ ഭാര്യ തങ്കമ്മ (83) അന്തരിച്ചു. മൂലേടം ചാമക്കാട്ട് കുടുംബാംഗമാണ്. മക്കൾ: സാലിമോൾ, ജീമോൻ, മിനിമോൾ. മരുമക്കൾ: തമ്പി മണപ്പുറത്ത് (നഗരസഭ റിട്ട. ഹെൽത്ത് സൂപ്പർവൈസർ കോട്ടയം), തങ്കച്ചൻ കട്ടപ്പുറത്ത്.



THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ് ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News